എഡിറ്റോറിയൽ

# ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്?

**എ**ല്ലാം ദൈവത്തിന്റെ ദാനമാണ് എന്ന സത്യം ആഴത്തിൽ ഹൃദയത്തിൽ ഉറപ്പിച്ചുവേണം 2019-ലേക്ക് പ്രവേശിക്കാൻ. അതു നമ്മെ വിനീതഹൃദയരാക്കും. കഴിഞ്ഞകാല ജീവിതം ദൈവത്തിന്റെ സൗജന്യ ദാനമാണ് എന്ന ബോധ്യം ഭാവിജീവിതം ദൈവഭയത്തോടെ നയിക്കാൻ സഹായിക്കും.

എല്ലാം ദൈവദാനമാണ് എന്ന ബോധ്യം കൃതജ്ഞതാനിർഭരമായ ജീവിതത്തിലേക്ക് അനിവാര്യമായി നയിക്കും. അതോടെ, ജീവിതത്തിൽ ലഭ്യമല്ലാത്ത കാര്യങ്ങളെപ്രതിയുള്ള അസംതൃപ്തിയും ദുഃഖവും മാറും. പകരം, ഉള്ളവയിൽ ആനന്ദം കണ്ടെത്താനും അവയ്ക്കായുള്ള കൃതജ്ഞതയാക്കി ജീവിതം മാറ്റാനുമാകും.

ജീവിതംതന്നെ ദൈവത്തിന്റെ ദാനമാണെന്ന ബോധ്യം നമ്മെ ദൈവത്തോട് പൂർണ്ണ വിശ്വസ്തരാക്കും. അത് ദൈവകേന്ദ്രീകൃതമായ ജീവിതത്തിലേക്ക് സ്വാഭാവികമായി നയിക്കും. സമസ്ത കാര്യങ്ങളും ദൈവമഹത്വത്തിനായി മാത്രം നിർവഹിക്കും. സ്വന്തം ഇഷ്ടത്തേക്കാൾ ദൈവേഷ്ടം അന്വേഷിക്കാൻ അതു നമ്മെ പ്രാപ്തരാക്കും. മനുഷ്യപ്രീതിയേക്കാൾ ദൈവപ്രീതിക്ക് പ്രാധാന്യം കൊടുക്കും.

ദൈവത്തിന്റെ ദാനമാണ് എല്ലാം എന്ന സത്യത്തെപ്പറ്റിയുള്ള ബോധ്യമില്ലായ്മയാണ് പാപം ചെയ്യാൻ കാരണം. പാപം തന്നിഷ്ടം തിരഞ്ഞെടുക്കലാണ്. "ദൈവത്തെ നിന്ദിച്ചുകൊണ്ടുപോലുമുള്ള ആത്മസ്നേഹമാണ് പാപം" (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1850). ദൈവം ദാനമായിതന്ന ജീവിതം ദൈവത്തെ ദ്രോഹിക്കാൻ ദുരുപയോഗിക്കുകയോ?

ജീവിതം ദൈവദാനമാണ് എന്ന സത്യത്തിന്റെ നിഷേധമാണ് അഹങ്കാരം. എല്ലാ പാപങ്ങളുടെയും ഉറവിടവും പാപങ്ങളിൽവച്ച് ഏറ്റവും വലിയ പാപവുമായ അഹങ്കാരം നമ്മെത്തന്നെ ദൈവത്തിന്റെ മുകളിൽ സ്ഥാപിക്കലാണ്. അഹങ്കാരത്തിന്റെ പ്രത്യക്ഷലക്ഷണങ്ങളാണ് മർക്കടമുഷ്ടിയും നിർബന്ധബുദ്ധിയും സദുപദേശങ്ങൾക്ക് വഴങ്ങാത്ത പ്രകൃതിയും. നാശം മാത്രമാണ് അതിന്റെ അന്ത്യം. പ്രധാന മാലാഖമാരിലൊരുവനായ ലൂസിഫർ സാത്താനായി അധഃപതിച്ചു എന്നതുതന്നെ ഇതിനുദാഹരണം.

ആരോഗ്യവും സൗന്ദര്യവുമുണ്ടെന്ന അഹങ്കാരം, സമ്പത്തും ജീവിതസൗകര്യങ്ങളുമുണ്ടെന്ന അഹങ്കാരം, അധികാരവും പദവികളുമുണ്ടെന്ന അഹങ്കാരം, കഴിവുകളും സിദ്ധികളുമുണ്ടെന്ന അഹങ്കാരം, നല്ല ജോലിയും നല്ല കുടുംബവുമുണ്ടെന്ന അഹങ്കാരം, വിദ്യാഭ്യാസവും വിജ്ഞാനവുമുണ്ടെന്ന അഹങ്കാരം എന്നിവയൊക്കെ എല്ലാം ദൈവദാനമാണെന്ന സത്യത്തിന്റെ നിരാകരണമാണ്.

ഈ മഹാസത്യത്തിന്റെ ഏറ്റവും വലിയ നിഷേധമാണ് ആധ്യാത്മിക അഹങ്കാരം. ആത്മീയ വളർച്ചയിലും ദൈവദാനങ്ങളുടെ സമൃദ്ധിയിലുമുള്ള അഹന്തയാണത്. അഹങ്കാരത്തിന്റെ വിവിധ രൂപങ്ങളിൽ വച്ചേറ്റം ഗൗരവമേറിയ അഹങ്കാരം ആധ്യാത്മിക അഹങ്കാരമാണ്. കാരണം, ഭൗതികനന്മകൾ സമ്പാദിക്കുന്നതിൽ അൽപമായ പങ്ക് മനുഷ്യനും ഉണ്ടായേക്കാമെങ്കിലും ആധ്യാത്മിക നന്മകളുടെ കാരണം ദൈവം മാത്രമാണ്. നന്നായി പ്രാർഥിക്കാൻ പറ്റുന്നതോ, ഫലപ്രദമായി ദൈവവചനപ്രഘോഷണം നടത്താൻ പറ്റുന്നതോ, പരിശുദ്ധാത്മ വരദാനങ്ങൾ ഉപയോഗിക്കാൻ സാധിക്കുന്നതോ, സുകൃതജീവിതം നയിക്കാനാവുന്നതോ ദൈവത്തിന്റെ കാരുണ്യംകൊണ്ടു മാത്രമായിരിക്കേ അവയിൽ അഹങ്കരിക്കുന്നത് എത്ര കഠോരമായ പാപമാണ്!

അഹങ്കാരം നിത്യനാശത്തിലേക്കെത്തിക്കും എന്നതിനാൽ 'എല്ലാം ദൈവത്തിന്റെ ദാനമാണ്' എന്ന യാഥാർഥ്യത്തെപ്പറ്റിയുള്ള സജീവ ബോധ്യത്തോടെ ജീവിക്കാൻ നവവത്സരാരംഭത്തിൽത്തന്നെ നമുക്കു പരിശ്രമിക്കാം. അതുവഴി ദൈവത്തിനർഹമായതു ദൈവത്തിനും സഹജർക്കു അർഹമായത് അവർക്കും നല്കി പരിശുദ്ധ കന്യാമറിയത്തെപ്പോലെ നമുക്കും വിനീതരാകാം.

സ്നേഹത്തോടെ
**ഉപ്പാണിയച്ചൻ**

# ജീവരക്ഷ ന്യൂസ്

ജനുവരി 2019, പുസ്തകം 21, ലക്കം 01






**സ്നേഹശുശ്രൂഷാലയം ധ്യാനകേന്ദ്രം**
സൗത്ത് ചിറ്റൂർ പി. ഒ., കൊച്ചി 682 027
കേരള, ഇന്ത്യ.

ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ ഓഫീസ് :
Ph : 91 9446040508, 0484 2432508
Email : mail@chittoordyanakendram.com
Web : www.chittoordyanakendram.com
ജീവരക്ഷ മാസികയുടെ ഓഫീസ് :
Ph : 91 9447690153



**ചീഫ് എഡിറ്റർ :**
ഫാ. ജോസ് ഉപ്പാണി

**മാനേജിംഗ് എഡിറ്റർ :**
ഫാ. ജയ്സൺ കൊളുത്തുവള്ളി

**സബ് എഡിറ്റർ :**
എസ്. വി. ദാസ്

**അഡ്മിനിസ്ട്രേറ്റർ :**
ജോസഫ് സെബാസ്റ്റ്യൻ

**എഡിറ്റോറിയൽ ബോർഡ് :**
ഫാ. വർഗീസ് ഞാളിയത്ത്
എ. പി. പൗലോസ്
കെ. ടി. പൈലി

**സർക്കുലേഷൻ :**
റവ. സി. മൃദുല CPS
ക്ലീറ്റസ് പി. ജെ.

**ഡാറ്റ പ്രോസസ്സിങ്ങ് :**
നിതിൻ കെ. ജെ.

**ലേ ഔട്ട് & ഡിസൈൻ :**
നേച്ചർ ഗ്രാഫിക്സ് &
കവനന്റ് കമ്യൂണിക്കേഷൻസ്


## താളുകളിൽ


5 **രക്ഷ: പുതുവത്സര സമ്മാനം**
ഫാ. സിജോ കണ്ണമ്പുഴ O.M

8 **ദൈവമാതാവ്**
സുജല ഗ്രേസ് മരിയ

11 **അത്തിച്ചുവട്ടിൽ അവനുണ്ട്...**
ഫാ. തോമസ് പാട്ടത്തിൽചിറ സി. എം. എഫ്

14 **യുദ്ധം ജയിച്ചവർ**
കെ.ടി. പൈലി

16 **മഹാപ്രളയം-2018**
കുര്യൻ തലയോലപ്പറമ്പ്

18 **ദേവാലയത്തിലെ വിശുദ്ധ കച്ചവടം**
മാത്യൂസ് പാണ്ടിശ്ശേരിൽ

20 **കുടുംബങ്ങളിലെ കെടാവിളക്കുകൾ**
മേരി പോൾ

23 **ദുരിതങ്ങൾ എനിക്ക് ഉപകാരമായി**
റോസ് പിങ്കി മരിയ

25 **ശാന്തിതീരത്തേയ്ക്ക്**
Sr. സിൽവി C.P.S

27 **ആരാണ് നമുക്കുവേണ്ടി പോവുക**
ബിജു ജോൺ

29 **ഹൃദയത്തിന്റെ നിറവിൽ**
ലില്ലി രാജു

# രക്ഷ: പുതുവത്സര സമ്മാനം



ഫാ. സിജോ
കണ്ണമ്പുഴ O.M

**സു**വിശേഷത്തിന്റെ താളുകളിൽ പിന്നെയും വായിക്കാൻ ആശിച്ചു പരതിയ പേരാണ് സക്കേവൂസ്. ഈശോയെ കാണണമെന്ന ഒറ്റ ആഗ്രഹത്തിന്റെ ബലത്തിൽ കുടുംബം മുഴുവൻ രക്ഷിക്കപ്പെട്ട അവനോട് പലപ്പോഴും മനസ്സിൽ വിശുദ്ധമായ ഒരു അസൂയയുണ്ട്. അവന്റെ രക്ഷിക്കപ്പെട്ട കുടുംബം പിന്നെയെങ്ങനെ ജീവിച്ചു എന്നറിയാൻ ഒത്തിരി ആഗ്രഹമുണ്ടായിരുന്നു. ജറീക്കോയിലെ അവന്റെ ജീവിതവും അവന്റെ മാനസാന്തരശേഷമുള്ള സാക്ഷ്യവും മനസ്സിൽ വലിയ ജിജ്ഞാസ ഉളവാക്കിയിരുന്നു. പക്ഷെ വായിക്കുന്നവന്റെ ധ്യാനത്തിനും മനനത്തിനും അത് വിട്ടുതന്നുകൊണ്ട് സുവിശേഷ താളുകളിൽനിന്നു സക്കേവൂസ് നടന്നു മറയുന്നു. പിന്നെ ആരും ഒരിക്കലും അവനെക്കുറിച്ചു ഒന്നും പറയുന്നില്ല.

മനുഷ്യന് രക്ഷ നൽകുകയെന്നതായിരുന്നല്ലോ ക്രിസ്തുവിന്റെ കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ലക്ഷ്യംതന്നെ. എത്രയെല്ലാം സൗഖ്യങ്ങൾ സ്വീകരിച്ചാലും അഭിഷേകം ലഭിച്ചാലും ഭാഷാവരവും പ്രവചനവരവും ഉണ്ടായാലും രക്ഷ ലഭിക്കുന്നില്ലെങ്കിൽ എല്ലാം നിരർഥകമാണ്. ഏറ്റവും വലിയ



**ഇനി തന്നെ തേടി കണ്ടുപിടിച്ച ഗുരുവെന്ന ലഹരി മതിയെന്ന് അവൻ തീരുമാനിച്ചുറപ്പിക്കുകയാണ്. ഇനിയൊരിക്കലും പഴയ വഴികളിലേക്ക് കാലെടുത്ത് വയ്ക്കുകയില്ലെന്ന് സക്കേവൂസ് സ്വയം ശപഥം ചെയ്തിട്ടുണ്ടാകണം. അവന്റെ അഭിരുചികളിൽതന്നെ മാറ്റം സംഭവിക്കുകയാണ്. അത്യാഗ്രഹം കരുണയ്ക്കും ദയയ്ക്കും വഴിമാറുന്നു. ഇതുവരെ പണമെന്ന മാമ്മോനെസേവിച്ച സക്കേവൂസ് ഇനി സേവിക്കുന്നത് ദരിദ്രരായ സഹോദരങ്ങളെ. സക്കേവൂസ് ഒരു വലിയ മാറ്റത്തിന് നാന്ദി കുറിക്കുകയാണ്.**

അദ്ഭുതം മനസ്സിന്റെ പരിവർത്തനമാണ്, രക്ഷയിലേക്ക് നയിക്കുന്ന ഒരു വ്യക്തിയുടെ മാനസാന്തരമാണ്. ക്രിസ്തുവാണ് എന്റെ രക്ഷകൻ എന്ന തിരിച്ചറിവിലാണ് മാനസാന്തരം ഉണ്ടാകേണ്ടത്. എന്നെ നയിക്കാനും ശക്തിപ്പെടുത്താനും അവനുമാത്രമേ കഴിയൂ എന്നും എന്റെ ഇടർച്ചകളിലേക്ക് അവനിറങ്ങിവരാൻ ഒരു തടസ്സമേയല്ലായെന്നും അവൻ ആവശ്യപ്പെടുന്നത് എന്റെ തീവ്രമായ ആഗ്രഹം മാത്രമാണെന്നും വെളിപ്പെട്ടു കിട്ടുമ്പോഴാണ് ഒരുവൻ രക്ഷയിലേക്ക് നടന്നുതുടങ്ങുക. ക്രിസ്തുവിന്റെ നിഴലിലുള്ള ഒരു കൂട്ടുനടത്തമാണ് അത്. ഒരു രോഗസൗഖ്യവും ഒരു അഭിഷേകവും അതിലും വലുതായിട്ടില്ല.

യേശു ബന്ധനങ്ങൾ അഴിച്ച, കാഴ്ച്ച നൽകിയ, എഴുന്നേൽപ്പിച്ചു നടത്തിയ, കുഷ്ഠം മാറ്റി നൽകിയ, അഞ്ചപ്പം പങ്കുവച്ചു നൽകിയ, ആശ്വസിപ്പിച്ച, സന്ദർശിച്ച എല്ലാവരും രക്ഷയനുഭവിച്ചോ ? രക്തസ്രാവക്കാരി സ്ത്രീയും (ലൂക്കാ 8:43-48) നന്ദി പറയാൻ തിരിച്ചുവന്ന കുഷ്ഠരോഗിയും (ലൂക്കാ 17:11-19) അന്ധയാചകനായ ബർത്തിമേയൂസും (മർക്കോ 10:46-52) പാപിനിയായ സ്ത്രീയും (ലൂക്കാ 7:36-50) അവർക്കു യേശുവിൽനിന്നു ലഭിച്ച സൗഖ്യത്തെ രക്ഷാകരമാക്കിയവരാണ്. ബാക്കിയുള്ളവർ ആ മിശിഹാനുഭവത്തെ അദ്ഭുതത്തിന്റേയും പ്രസിദ്ധിയുടെയും പുകപടലങ്ങളിലും ഉപരിവിപ്ലവമായ ജനസമ്മിതിയിലും അവസാനിച്ചപ്പോൾ ഇവർ മേൽചമയങ്ങളിൽ ദൃഷ്ടിയുടക്കാതെ അകക്കാമ്പിലേക്ക് ഊർന്നിറങ്ങിയവരാണ്. കർത്താവിന്റെ ഓരോ ഇടപെടലും ഒരു യാത്രയ്ക്കുള്ള ക്ഷണമാണ്. അവനോടുചേർന്ന് സ്വർഗ്ഗത്തിലേക്കുള്ള യാത്ര. നാമോരോരുത്തരും സ്വർഗ്ഗത്തിൽ എത്തുമ്പോഴേ ആ യാത്ര അവസാനിക്കൂ. എന്നാൽ ക്രിസ്തുവിന്റെ ഇടപെടലിൽ മറഞ്ഞിരിക്കുന്ന ക്ഷണം കാണാതെ അവൻ പ്രവർത്തിച്ച അദ്ഭുതത്തിൽ മാത്രം ശ്രദ്ധയൂന്നുമ്പോൾ നാം നഷ്ടപ്പെടുത്തുന്നത് രക്ഷയിലേക്കുള്ള അവന്റെ ക്ഷണമാണ്.

സുവിശേഷത്തിന്റെ താളുകളിൽ രക്ഷ സ്വീകരിച്ചവരെക്കുറിച്ചു പറയുന്നതിൽ എനിക്കേറ്റവും ഇഷ്ടം സക്കേവൂസിന്റേതാണ്. റോമാക്കാരുടെ ചാരനെന്നും പണിയാളെന്നും മുദ്രകുത്തപ്പെട്ട് സമൂഹത്തിന്റെ പുറമ്പോക്കിൽ ഹൃദയവ്യഥയോടെ ജീവിച്ചവനാണ് സക്കേവൂസ്. യഹൂദനായ, ഗുരുവായ, അദ്ഭുതപ്രവർത്തകനായ ഈശോയെ കാണാൻ അവൻ അതിയായി ആഗ്രഹിച്ചു. തന്റെ പൊക്കക്കുറവിനെപ്പോലും വെല്ലുവിളിച്ചുകൊണ്ട് അവൻ സിക്കമൂർ മരത്തിൽ വലിഞ്ഞുകയറി. യേശുവിനെ കാണണമെന്ന അവന്റെ തീവ്രമായ ആഗ്രഹത്താൽ അവൻ ചുറ്റുപാടുകളെപ്പോലും ഗൗനിക്കുന്നില്ല. മറ്റുള്ളവരുടെയിടയിൽ ഉണ്ടാകാനിടയുള്ള നാണക്കേടിനെക്കാളും അവനു വലുത് ഗുരുവിനെ ഒരുനോക്ക് കാണുകയെന്നതായിരുന്നു. ഏതായാലും ഹൃദയവികാരങ്ങൾ ഗ്രഹിക്കുന്ന ഗുരു മരച്ചുവട്ടിലെത്തി അവനെ പേരുചൊല്ലി വിളിക്കുന്നു.

ഇതുവരെ ആരും കടന്നുചെന്നിട്ടില്ലാത്ത ഒരു ഭവനമായിരിക്കാം സക്കേവൂസിന്റേത്. ആരാണ് ആ ചുങ്കക്കാരനെ ബഹുമാനിക്കുന്നത്? ആരെങ്കിലും അവിടെ പോയിട്ടുണ്ടെങ്കിൽ അവന്റെ ക്ഷേമം അന്വേഷിക്കാനുമായിരിക്കില്ല. ആദ്യമായി ക്രിസ്തു സക്കേവൂസിന്റെ ഭവനത്തിൽ അവന്റെ ക്ഷേമം അന്വേഷിച്ചു എത്തിയിരിക്കുകയാണ്. ക്രിസ്തുവിന്റെ ആ സ്നേഹത്തിന്റേയും പരിഗണനയുടെയും മുമ്പിൽ സക്കേവൂസ് ഭവനം മാത്രമല്ല ഹൃദയം മുഴുവനും തുറക്കുകയാണ്. പിന്നെ അവനിൽനിന്നുയരുന്നത് ഏറ്റവും ഹൃദയസ്പർശമായ കുമ്പസാരമാണ്. "കർത്താവേ, ഇതാ എന്റെ സമ്പത്തിന്റെ പകുതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നു. ആരുടെയെങ്കിലുംവക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു" (ലൂക്കാ 19:8).

ക്രിസ്തു സക്കേവൂസിനോട് ഒന്നും ആവശ്യപ്പെടുന്നില്ല. പക്ഷെ ക്രിസ്തുസാന്നിധ്യം അവനെ തന്റെ കുറവുകളെക്കുറിച്ചു കൂടുതൽ ഉൾക്കാഴ്ച്ചകൾ നൽകുകയാണ്. തന്നിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് സ്നേഹത്തോടെ ഓർമ്മപ്പെടുത്തുന്നു. ഇതുവരെ താൻ കടന്നുവന്ന വഴികളെല്ലാം മലിനമായിരുന്നുവെന്നും ഇനി അത് തുടരാനാവില്ലെന്നും സക്കേവൂസ് തീരുമാനിക്കുന്നു. അവൻ പുതിയ തീരുമാനങ്ങളിലേക്ക്

**ക്രിസ്തുവിന്റെ ആ സ്നേഹത്തിന്റേയും പരിഗണനയുടെയും മുമ്പിൽ സക്കേവൂസ് ഭവനം മാത്രമല്ല ഹൃദയം മുഴുവനും തുറക്കുകയാണ്. പിന്നെ അവനിൽനിന്നുയരുന്നത് ഏറ്റവും ഹൃദയസ്പർശമായ കുമ്പസാരമാണ്. "കർത്താവേ, ഇതാ എന്റെ സമ്പത്തിന്റെ പകുതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നു. ആരുടെയെങ്കിലുംവക വഞ്ചിച്ചെടുത്തിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരിച്ചുകൊടുക്കുന്നു"**

വരുന്നു. പുതിയ മനുഷ്യനാകുന്നു. വിശുദ്ധിയുടെ വെണ്മയിൽ പ്രശോഭിക്കുന്നവന്റെ മുമ്പിൽ എങ്ങനെയാണ് പാപക്കറകളുടെ ചെളിപുരണ്ട വസ്ത്രവുമായി നിൽക്കാനാകുക? ചുങ്കക്കാരന് പണം, മത്സ്യത്തിന് വെള്ളം പോലെയാണ്. പക്ഷെ, ആ പണത്തോട് അവൻ വിരക്തി കാണിക്കുന്നു. ഇതുവരെ തനിക്ക് ലഹരിയായിരുന്ന പണം ഇനി തനിക്ക് ലഹരിയല്ലെന്നും ഇതുവരെ അനുഭവിച്ചതിലും വീര്യമേറിയ ലഹരിയാണ് ക്രിസ്തു നൽകുന്നതെന്നും സക്കേവൂസ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഇനി തന്നെ തേടി കണ്ടുപിടിച്ച ഗുരുവെന്ന ലഹരി മതിയെന്ന് അവൻ തീരുമാനിച്ചുറപ്പിക്കുകയാണ്. ഇനിയൊരിക്കലും പഴയ വഴികളിലേക്ക് കാലെടുത്ത് വയ്ക്കുകയില്ലെന്ന് സക്കേവൂസ് സ്വയം ശപഥം ചെയ്തിട്ടുണ്ടാകണം. അവന്റെ അഭിരുചികളിൽതന്നെ മാറ്റം സംഭവിക്കുകയാണ്. അത്യാഗ്രഹം കരുണയ്ക്കും ദയയ്ക്കും വഴിമാറുന്നു. ഇതുവരെ പണമെന്ന മാമ്മോനെ സേവിച്ച സക്കേവൂസ് ഇനി സേവിക്കുന്നത് ദരിദ്രരായ സഹോദരങ്ങളെ. സക്കേവൂസ് ഒരു വലിയ മാറ്റത്തിന് നാന്ദി കുറിക്കുകയാണ്. അവന്റെ ഉപേക്ഷകൾ അവനെ പുതിയ പാന്ഥാവിലേക്ക്, രക്ഷയുടെ മാർഗത്തിലേക്ക് നയിക്കുന്നു. തന്റെ കുടുംബത്തിന്റേമേലും രക്ഷ സംലഭ്യമാകുവാൻ സക്കേവൂസ് എടുത്ത തീരുമാനങ്ങളൊന്നും അത്ര കഠിനമോ തീവ്രമോ ആയിരുന്നില്ല. മറിച്ചു അത് സത്യസന്ധവും നീതി നിറഞ്ഞതുമായിരുന്നു. പാവങ്ങൾക്ക് തന്റെ സമ്പത്തിന്റെ പകുതി നൽകുന്നതുവഴി അവനും ചുറ്റുമുള്ളവന്റെ കണ്ണീരൊപ്പാൻ തുനിഞ്ഞിറങ്ങുകയായിരുന്നു. തട്ടിച്ചെടുത്തത് നാലിരട്ടി കൊടുക്കുകവഴി നീതി നടപ്പിലാക്കാൻ സക്കേവൂസ് തീരുമാനിക്കുകയാണ്. അവന്റെ തീരുമാനത്തിന്മേൽ കർത്താവ് തന്റെ തിരുമൊഴികളാൽ ആശീർവദിക്കുന്നു. "ഇന്ന് ഈ ഭവനത്തിനു രക്ഷ കൈവന്നിരിക്കുന്നു".

ഇത് പുതുവർഷത്തിനുള്ള ഒരുക്കത്തിന്റെ സമയം. രക്ഷ നൽകാൻ മണ്ണിലിറങ്ങിയ വിണ്ണിന്റെ നാഥനെ ഹൃദയത്തിൽ കുടിയിരുത്തുന്ന സമയം. എല്ലാ പുതുവർഷത്തിലും പുത്തൻ തീരുമാനങ്ങളെടുത്ത് നമ്മൾ മുന്നേറാറുണ്ട്. പക്ഷെ പല തീരുമാനങ്ങൾക്കും മഴവില്ലിന്റെ ആയുസ്സേ ഉണ്ടാകാറുള്ളൂ. പലപ്പോഴും നമ്മളെടുക്കുന്ന തീരുമാനങ്ങൾ കഠിനവും അപ്രാപ്യവുമായിത്തീരുന്നതിനു കാരണം അത് സക്കേവൂസിന്റേതുപോലെ കൃപനിറഞ്ഞതും സത്യസന്ധവുമല്ല എന്നുള്ളതാണ്. ഈ ക്രിസ്തുമസ് പുതുവത്സരദിനങ്ങൾ നമുക്കൊരു സക്കേവൂസ് അനുഭവത്തിലേക്ക് നടക്കാം. ക്രിസ്തുമസ്സുവഴി യേശു നമ്മുടെ ഭവനങ്ങളിൽ, ഹൃദയത്തിൽ, പ്രവർത്തനമേഖലകളിൽ, ശുശ്രൂഷകളിൽ പിറന്നുകഴിഞ്ഞു. അവൻ നമ്മുടെ മാനസാന്തരത്തിനു, അഭിരുചികളിലെ മാറ്റത്തിന് കാതോർക്കുന്നുണ്ടാകാം. അൽപസമയം ഹൃദയത്തിന്റെ ഏകാഗ്രതയിലേക്ക് നമുക്ക് മടങ്ങാം. പഴമയുടെ നന്മകളെ നമുക്ക് ഓർത്തെടുക്കാം. പുതിയ കഠിനമായ അപ്രാപ്യമായ തീരുമാനങ്ങളൊന്നും വേണ്ട. ക്രിസ്തു ഹൃദയത്തിൽ മന്ത്രിക്കുന്ന കരുണയുടെ, സ്നേഹത്തിന്റെ, നന്മയുടെ തീരുമാനങ്ങളിലേക്ക് നമുക്ക് കടക്കാം. അവനെ എന്നും കാണണമെന്നുമാത്രം ആഗ്രഹിക്കാം. അതും തീവ്രമായിതന്നെ. കുഞ്ഞുമക്കളിൽ, പ്രാണസഖിയിൽ, മാതാപിതാക്കളിൽ, സഹോദരങ്ങളിൽ, സഹപ്രവർത്തകരിൽ എല്ലാം ക്രിസ്തുവിനെ കാണാനുതകുന്നതാകട്ടെ ഈ പുതുവർഷ തീരുമാനം.

ഓരോ പുതുവർഷവും നമുക്ക് സമ്മാനിക്കുന്നത് ഇനിയും രക്ഷ സ്വീകരിക്കാനുള്ള അവസരമാണ്. നമുക്കത് ഹൃദയത്തിൽ സ്വീകരിക്കാം, രക്ഷാകരമാക്കാം. ഏവർക്കും പുതുവത്സരാശംസകൾ

## സാക്ഷ്യം



**ചിറ്റൂർ** ധ്യാനകേന്ദ്രത്തിലെ ആന്തരികസൗഖ്യ ധ്യാനത്തിൽ ഞാനും എന്റെ ഭാര്യയും പങ്കെടുത്തപ്പോൾ ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. എന്റെ പുകവലിമൂലം രക്തത്തിൽ നിക്കോട്ടിന്റെ അളവു വർധിച്ച് 12 വർഷം മുമ്പ് എന്റെ വലതുകാൽ മുട്ടിനുതാഴെവച്ച് മുറിക്കേണ്ടിവന്നു. ശേഷം വയ്പ്പുകാൽ പകരം ഉപയോഗിച്ചിരുന്നുവെങ്കിലും വളരെയേറെ വേദനയുണ്ടായിരുന്നു. എന്നാൽ ധ്യാനത്തിലെ പരിശുദ്ധാത്മാഭിഷേക ആരാധനയുടെ സമയം മുട്ടുകുത്താൻ ആവശ്യപ്പെട്ടപ്പോൾ ഞാൻ മുട്ടുകുത്തുകയും തത്ക്ഷണം എന്റെ വേദന മാറിപോകുന്നതായി അനുഭവപ്പെടുകയും ചെയ്തു. യേശുവേ സ്തോത്രം യേശുവേ നന്ദി.

**കെ.പി ജോർജ്,**
**കരുമാലൂർ**

# ദൈവമാതാവ്



**മനുഷ്യാവതാരം ചെയ്ത യേശു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണ്. എന്നാൽ അവിടത്തെ വ്യക്തിത്വം ദൈവിക വ്യക്തിത്വമാണ്. അതിനാൽ യേശുവിന്റെ അമ്മയെ ''ദൈവമാതാവ്'' എന്നു വിശേഷിപ്പിക്കണമെന്ന് എ.ഡി 431-ലെ എഫേസോസ് സൂനഹദോസ് പ്രഖ്യാപിച്ചു. യേശുവിന്റെ ദൈവത്വം സ്ഥിതീകരിക്കാൻവേണ്ടി വിശുദ്ധ ഡമാസ്ക്കസ് മാർപാപ്പയാണ് മറിയം ''ദൈവമാതാവാണ്'' എന്ന വിശ്വാസസത്യം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ഈ വിശ്വാസസത്യത്തിൽ രണ്ടുകാര്യങ്ങൾ ഉൾപ്പെടുത്തികൊണ്ടാണ് സഭാപണ്ഡിതന്മാർ മറിയത്തിന്റെ ദൈവമാതൃത്വം നിർവചിക്കുന്നത്**

**പ**രിശുദ്ധമറിയം ദൈവമാതാവാണ് എന്നത് സഭയുടെ വിശ്വാസ സത്യമാണ്. നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം ഏറ്റുപറയുന്നത് "അവിടന്ന് കന്യാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നു" എന്നാണ്. തിരുസഭ ജനുവരി 1-നാണ് ദൈവമാതാവിന്റെ തിരുനാൾ ആഘോഷിക്കുന്നത്. ഈ തിരുനാൾ ആഘോഷിക്കുന്നതുവഴി രക്ഷാകര ചരിത്രത്തിൽ മറിയത്തിനുള്ള അതുല്യമായ പങ്കിനെ നാം അനുസ്മരിക്കുകയും മറിയത്തിന്റെ പരിശുദ്ധിയെ നാം വാഴ്ത്തുകയും ചെയ്യുന്നു.



**സുജല ഗ്രേസ് മരിയ**

ദൈവമാതാവ് എന്ന നാമം ഗ്രീക്ക് വാക്കായ "Theotokos"-ൽ നിന്നാണ് ഉണ്ടായത്. നെസ്തോറിയൻ പാഷണ്ഡ തയുടെ പ്രചാരകർ മറിയത്തെ "ദൈവ മാതാവ്" എന്നല്ല (Theotokos) മറിച്ച് "ക്രിസ്തുവിന്റെ മാതാവ് (Christotokos) എന്ന് വിളിക്കണമെന്ന് വാദിച്ചിരുന്നു. മറിയം, മനുഷ്യനായ യേശുവിന്റെ അമ്മ മാത്രമാണ് എന്നതാണ് അവരുടെ വാദം. ഈ വിശ്വാസസത്യ ലംഘനം യേശു വിന്റെ ദൈവത്വത്തെയാണ് ചോദ്യം ചെയ്യുന്നത്. മനുഷ്യാവതാരം ചെയ്ത ഈശോയിൽ ദൈവിക വ്യക്തിത്വവും മാനുഷിക വ്യക്തിത്വവും ഒന്നായി നില കൊള്ളുന്നു. യേശു ഒരേസമയം ദൈവ പുത്രനും മനുഷ്യപുത്രനും ആണ്. യേശുവിന്റെ ദൈവപ്രകൃതിയും ദൈവിക ആളത്വവും ദൈവപിതാ വിൽനിന്ന് ഉദ്ഭവിച്ചതിനാൽ (സൃഷ്ടി ക്കപ്പെട്ടതല്ല) അവിടന്ന് ദൈവത്തിന്റെ പുത്രനാണ്. എന്നാൽ യേശുവിനു മനു ഷ്യപ്രകൃതി നൽകിയത് ഭൗമിക അമ്മ യായ മറിയമായതിനാൽ യേശു മറിയ ത്തിന്റെ മകനും ആണ്. ബഹുമാനപ്പെട്ട ജോസ് ഉപ്പാണിയച്ചന്റെ "മഹോന്നത യായ പരിശുദ്ധമറിയം" എന്ന ഗ്രന്ഥ ത്തിൽ ഇങ്ങനെ വ്യക്തമാക്കുന്നു, "ദൈവവും മനുഷ്യനും ഒരു ദൈവിക ആളിൽ സമ്മേളിക്കുന്നു" (Hypostatic Union). ഈ ക്രൈസ്തവ സത്യം മനസ്സി ലാക്കുന്ന ഏതൊരു വ്യക്തിക്കും മറി യത്തെ ദൈവമാതാവായി അംഗീകരി ക്കാൻ സാധിക്കും. വിശുദ്ധ ഗ്രിഗറി നസി യാൻസൻ പറയുന്നു: "ആരെങ്കിലും പരി ശുദ്ധ കന്യകമറിയത്തെ ദൈവമാതാ വായി അംഗീകരിക്കുന്നില്ലെങ്കിൽ അവൻ ദൈവത്തിൽനിന്നു തന്നെയും വേർപ്പെ ടുത്തപ്പെട്ടിരിക്കുന്നു.

മനുഷ്യാവതാരം ചെയ്ത യേശു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവു മാണ്. എന്നാൽ അവിടത്തെ വ്യക്തിത്വം ദൈവികവ്യക്തിത്വമാണ്. അതിനാൽ യേശുവിന്റെ അമ്മയെ "ദൈവമാതാവ്" എന്നു വിശേഷിപ്പിക്കണമെന്ന് എ.ഡി 431-ലെ എഫേസോസ് സൂനഹദോസ് പ്രഖ്യാപിച്ചു. യേശുവിന്റെ ദൈവത്വം സ്ഥിതീകരിക്കാൻവേണ്ടി വിശുദ്ധ ഡമാ സ്ക്കസ് മാർപാപ്പയാണ് മറിയം "ദൈവ മാതാവാണ്" എന്ന വിശ്വാസസത്യം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ഈ വിശ്വാസസത്യത്തിൽ രണ്ടുകാര്യങ്ങൾ ഉൾപ്പെടുത്തികൊണ്ടാണ് സഭാപണ്ഡി തന്മാർ മറിയത്തിന്റെ ദൈവമാതൃത്വം നിർവചിക്കുന്നത്

1) എല്ലാ അമ്മമാരും തങ്ങളുടെ കുഞ്ഞിന്റെ രൂപീകരണ ത്തിനു കാരണമാകുന്നതുപോലെ യേശുവിന്റെ മനുഷ്യത്വ ത്തിനാവശ്യമായതെല്ലാം സംഭാവന ചെയ്തത് മറിയമാണ്.

2) പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാനെ ഗർഭം ധരിച്ചു പ്രസവിച്ചതിനാൽ മറിയം ദൈവമാ താവാണ്. അനാദിയിലേയുള്ള അവിടത്തെ അസ്തിത്വ ത്തിന്റെ മാതാവ് എന്ന നിലയിലല്ല, മറിച്ച് മനുഷ്യാവതാരം ചെയ്ത പുത്രൻ തമ്പുരാന്റെ മാതാവ് എന്ന നിലയിലാണ് മറിയം ദൈവമാതാവാകുന്നത്.

മറിയത്തിന്റെ ദൈവമാതൃത്വത്തെ തിരുവചനവും വിശുദ്ധ പാരമ്പര്യവും ഒന്നുപോലെ പിന്തുണയ്ക്കുന്നു. ലൂക്കാ 1:43 "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്ത് വരാ നുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്ന്?" എലിസബത്തി ലൂടെ മറിയത്തെ പരിശുദ്ധാത്മാവ് "കർത്താവിന്റെ അമ്മ" എന്നു വിളിക്കുന്നു. കർത്താവ് എന്ന പ്രയോഗം ദൈവത്തെ മാത്രം വിളിക്കുന്ന "Kurios" എന്ന വാക്കിൽനിന്നുള്ളതാണ്. യോഹന്നാൻ 13:13-ൽ വായിക്കുന്നു: "നിങ്ങൾ എന്നെ ഗുരു എന്നും കർത്താവ് എന്നും വിളിക്കുന്നു. അതു ശരിതന്നെ, ഞാൻ ഗുരുവും കർത്താവുമാണ്". മറിയത്തിന്റെ ഉദരത്തിൽ മനുഷ്യപുത്രനായി അവതരിച്ചത് ദൈവം തന്നെയായ യേശു കർത്താവാണ് എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു.ലൂക്കാ 1:35 "പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും, ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും". മാലാഖയിലൂടെ പിതാവായ ദൈവത്തിന്റെ വെളിപ്പെടുത്തൽ.

മറിയം യേശുവിന്റെ അമ്മ എന്നു വിളിക്കപ്പെടുന്നു. യോഹ ന്നാൻ 2:1 "യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു" യോഹന്നാൻ 2:3 "അവിടെ വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു: അവർക്ക് വീഞ്ഞില്ല". മത്തായി 1:8 "യേശുക്രിസ്തുവിന്റെ ജനനം ഇപ്ര കാരമായിരുന്നു. അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ..." മത്തായി 2:11 "അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധി ക്കുകയും ചെയ്തു. എമ്മാനുവേൽ പ്രവചനത്തിൽ മറിയ ത്തിന്റെ മാതൃത്വം പരാമർശിക്കപ്പെടുന്നു. ഏശയ്യ 7:14 "അതി നാൽ കർത്താവുതന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനു വേൽ എന്നു വിളിക്കപ്പെടും". "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി; നിയമത്തിനു അധീനനായി ജനിച്ചു.

പഴയനിയമത്തിൽ പല പ്രതീകങ്ങളും ദൈവമാതാവ് എന്ന അർഥത്തിലാണ് ഉപയോഗിക്കുന്നത്. സമാഗമകൂടാരം, സീയോൻ നഗരം, ദിവ്യജ്ഞാനത്തിന്റെ സിംഹാസനം, ഉത്ത മഗീതത്തിലെ വധുവിന്റെ മാതൃക, പരിശുദ്ധാത്മാവിന്റെ മണ വാട്ടി, വാഗ്ദാനപേടകം, ദാവീദിന്റെ കോട്ട, സ്വർഗ്ഗത്തിന്റെ കവാടം മുതലായ വിശേഷണങ്ങളെല്ലാം ദൈവമാതൃത്വത്തി ലേക്ക് വിരൽ ചൂണ്ടുന്നതാണ് (സഭയുടെ പാരമ്പര്യം വ്യക്ത മാക്കുന്നത്).

മറിയം യഥാർഥത്തിൽ "ദൈവത്തിന്റെ അമ്മയാണ്"

(കത്തോലിക്കാസഭയടെ മതബോധന ഗ്രന്ഥം 495). രണ്ടാം വത്തിക്കാൻ കൗൺസിൽ ഇങ്ങനെ പഠിപ്പിക്കുന്നു: "കൃപാവരത്തിന്റെ ക്രമത്തിൽ അവൾ സർവരുടെയും അമ്മയാണ്". നിന്റെ വചനം പോലെ എന്നിൽ നിറവേറട്ടെ എന്ന സമ്മതം നൽകലിലൂടെ കന്യകയായ മറിയം യേശുവിന്റെ മാത്രമല്ല സർവരുടെയും ആധ്യാത്മിക മാതൃത്വം ഏറ്റെടുക്കുകയായിരുന്നു. മറിയം യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിനാൽ ദൈവികജീവൻ പ്രാപിച്ചവരുടെയെല്ലാം മാതാവാണ്.

മറിയം ദൈവത്തിന്റെ പ്രത്യേക സൃഷ്ടിയാണ്. പരിശുദ്ധ മറിയത്തെ ഉദ്ഭവപാപം കൂടാതെ ജനിപ്പിച്ചത് ദൈവമാതൃത്വത്തിനു വേണ്ടിയായിരുന്നു. വിശുദ്ധ ബൊനവഞ്ചർ പറഞ്ഞു: "ദൈവത്തിനു ഈ പ്രപഞ്ചത്തേക്കാൾ ശ്രേഷ്ഠമായൊരു പ്രപഞ്ചത്തെ സൃഷ്ടിക്കാൻ കഴിയും. പക്ഷേ ദൈവമാതാവിനെക്കാൾ പരിപൂർണമായ ഒരു മാതാവിനെ സൃഷ്ടിക്കാൻ സാധിക്കുകയില്ല". വിശുദ്ധ അൽഫോൺസ് ലിഗോരി പറയുന്നു: "അല്ലയോ പരിശുദ്ധ മറിയമേ, നിന്നെ അമ്മയെന്നു വിളിക്കുമ്പോൾ നിന്നിൽനിന്നും എനിക്കനുഭവപ്പെടുന്ന മനോവിശ്വാസം ഇല്ലാതാക്കുന്നതിന് എന്റെ യാതൊരു കഷ്ടതകൾക്കും സാധ്യമല്ല". മറിയം പിതാവായ ദൈവത്തിന്റെ ഹിതത്തിനും പുത്രനായ യേശുവിന്റെ രക്ഷാകരപ്രവൃത്തിക്കും പരിശുദ്ധാത്മാവിന്റെ ഓരോ പ്രചോദനത്തിനും വിധേയമായി നിന്നുകൊണ്ട് സഭയ്ക്ക് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും മാതൃകയായിരിക്കുന്നു (കത്തോലിക്കാസഭയടെ മതബോധന ഗ്രന്ഥം). തിരുസഭയുടെ പാരമ്പര്യ വിശ്വാസങ്ങളോടും ആധികാരിക പഠനങ്ങളോടുംചേർന്ന് നമുക്കും പരിശുദ്ധ മറിയത്തെ ദൈവമാതാവെന്ന് വിളിക്കാം.

# ജപമാല സെനക്കിൾ



**ലോകം** മുഴുവനുമുള്ളവർ യേശുവിന്റെ സുവിശേഷം കേട്ട് രക്ഷ പ്രാപിക്കുന്നതിനുവേണ്ടി ജപമാലയർപ്പിച്ച് പ്രാർഥിക്കാനുള്ള കൂട്ടായ്മയാണ് ജപമാല സെനക്കിൾ. ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ പ്രേഷിതപ്രവർത്തനവിജയത്തിനായും ജപമാല സെനക്കിളിൽ പ്രാർഥിക്കുന്നതാണ്.

അടുത്തടുത്തു താമസിക്കുന്നവരോ, ആഴ്ച്ചയിലൊരിക്കൽ ഒരുമിച്ചുകൂടാൻ സൗകര്യമുള്ളവരോ ആയ ഏതാനുംപേർ ചേർന്ന് സെനക്കിൾ രൂപീകരിക്കാവുന്നതാണ്.

ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശപ്രകാരമായിരിക്കണം സെനക്കിൾ പ്രാർഥന നടത്തേണ്ടത്. സെനക്കിൾ സ്ഥാപിച്ചു കഴിഞ്ഞാലുടൻ വിവരം അറിയിച്ചാൽ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

സെനക്കിളിനു നേതൃത്വം നൽകുന്ന വ്യക്തിയുടെ പൂർണ വിലാസവും അംഗങ്ങളുടെ പേരും വീട്ടുപേരും അറിയിക്കണം. സെനക്കിളിനു ഒരു നാമധേയവും നൽകേണ്ടതുണ്ട്.

**ഡയറക്ടർ, ചിറ്റൂർ ധ്യാനകേന്ദ്രം**



# അത്തിച്ചുവട്ടിൽ അവനുണ്ട്...



**ഫാ. തോമസ് പാട്ടത്തിൽചിറ**
**സി. എം. എഫ്**

**സു**ഹൃത്തേ, പുതുവർഷത്തിന്റെ പുലർകാലസന്ധ്യകളിൽ വേദപുസ്തകത്തിലെ ആ കൂലിക്കാരൻ കർഷകന്റെ വാക്കുകൾക്ക് ഒരുവട്ടംകൂടി നീ കാതോർക്കുക. വളരെയേറെ കരുതലും വളവും കൊടുത്തിട്ടും കനിയൊന്നുപോലുംകായ്ക്കാതെ നിന്ന അത്തിമരത്തെ അറുത്തുമാറ്റാൻ ആവശ്യപ്പെട്ട യജമാനനോടുള്ള കേവലമൊരു പണിയാളന്റെ യാചന: 'ഈ വർഷം കൂടെ അതു നില്ക്കട്ടെ. ഞാൻ അതിന്റെ ചുവടുകിളച്ചു വളമിടാം. മേലിൽ അതു ഫലം നല്കിയേക്കാം. ഇല്ലെങ്കിൽ നീ അതു വെട്ടിക്കളഞ്ഞുകൊള്ളുക'(ലൂക്കാ 13:8,9). അത്തിമരത്തെ ചുറ്റിപ്പറ്റിയുള്ള ഈ ചിന്തകൾ കർത്താവിന്റെ അത്തിവൃക്ഷമായ (ജോയേൽ 1:3), ക്രിസ്ത്യാനിയായ നീ മനഃപാഠമാക്കേണ്ട നാലഞ്ചു സമവാക്യങ്ങൾ നിനക്ക് സമ്മാനിക്കുന്നുണ്ട്. അവയെ നിന്റെ ഹൃദയഫലകത്തിൽ കുറിച്ചിട്ടാൽ വരാനുള്ള നിന്റെ ജീവിതനാളുകൾ ഫലസമ്പമായിരിക്കും.

**വർഷം നിന്റെ വയസ്സാണ്, ആയുസ്സാണ്** എന്നതാണ് ഒന്നാമത്തെ സമവാക്യം. ഓരോ വർഷവും ഒരു വയസ്സ് നിനക്ക് കൂടുകയാണ്. അങ്ങനെ, നിന്റെ ആയുസ്സ് അല്പംകൂടി നീളുകയാണ്. 'എത്ര വയസ്സായി?' എന്നു ചോദിക്കുമ്പോൾ ജനിച്ചിട്ട് എത്ര വർഷമായി എന്നാണ് അർഥമാക്കുന്നത്. ആയുസ്സെന്നാൽ വെറും ദിവസങ്ങളുടെയോ, മാസങ്ങളുടെയോ മുഴുത്തുകയല്ല. മറിച്ച്, ഫലം പുറപ്പെടുവിക്കാനായി കർത്താവ് അനുവദിച്ചു തരുന്ന അവസരങ്ങളുടെ ആകെത്തുകയാണ്. ദൈവത്തിനു ഒരു വ്യക്തിയെക്കുറിച്ചുള്ള സ്വപ്നങ്ങളുടെയും കണക്കുകൂട്ടലുകളുടെയും കാലവ്യാപ്തി! 'ഈ വർഷം കൂടെ

അതു നില്ക്കട്ടെ' എന്ന തൊഴിലാളിയുടെ അപേക്ഷയ്ക്ക് മൗനസമ്മതം നല്കുന്ന മുതലാളി ആ അത്തിമരത്തിനു അതിന്റെ ആയുസ്സ് മുഴമൊന്നുകൂടി ദീർഘിപ്പിച്ചുകൊടുക്കുകയാണ്. ആയുസ്സിനെ വലിച്ചുനീട്ടുന്നതും വെട്ടിക്കുറയ്ക്കുന്നതും കർത്താവുതന്നെ. നിന്റെ ആയുസ്സിന്റെ ആസ്തിയും, അസ്തിവാരവും അവിടന്നാണ്. നിന്നെ രക്ഷിക്കാൻ ഏതറ്റംവരെയും പോകാൻ ക്ഷമ കാണിക്കുന്ന നിന്റെ ദൈവം! പാപത്തിൽ പൂണ്ടുകിടന്ന നിന്നെ കരവല്ലികൾകൊണ്ട് കോരിയെടുക്കാൻ പരലോകത്തുനിന്നും പൂർണ്ണപരിത്യാഗിയായി പാരിടത്തിലെ ഒരു പശുക്കൂട്ടിൽ പിറന്നുവീണ നിന്റെ പരിത്രാണകന് ഒരു വർഷമല്ല, ഒരു പതിറ്റാണ്ടിലുമപ്പുറം നിനക്കുവേണ്ടി, നിന്നിലെ ഫലസമൃദ്ധിക്കുവേണ്ടി കരുണയോടെ കാത്തിരിക്കാൻ പ്രയാസമൊന്നുമില്ല.

വെറുമൊരു വേലക്കാരന്റെ ശുപാർശയെപോലും ആ ഉടമസ്ഥൻ വിലമതിക്കുന്നുണ്ട്. മരമറിയാതെ അതിനുവേണ്ടി മധ്യസ്ഥം അപേക്ഷിക്കുകയും മൂടു കിളച്ചു പോഷകപദാർഥങ്ങളിടുകയും ചെയ്യുന്ന പണിയാളനെപ്പോലെ, നിന്റെ ആയുരാരോഗ്യങ്ങൾക്കു പിന്നിൽ നീ നിസ്സാരരെന്നു കരുതുന്ന, നിനക്ക് അപരിചിതരായ, പേരറിയാത്ത, ഒരുപക്ഷേ നീ ഓർക്കുകപോലും ചെയ്യാത്ത പലരുടെ പ്രാർഥനകളുടെയും അപേക്ഷകളുടെയുമൊക്കെ മധ്യസ്ഥശക്തിയുണ്ടെന്നുള്ള വസ്തുത വിസ്മരിക്കരുത്. അങ്ങനെയുള്ളവരൊക്കെ നിന്നിലർപ്പിച്ചിരിക്കുന്ന ചില പ്രതീക്ഷകളുണ്ട്. അവയ്ക്കൊപ്പം ഉയരാൻ നിന്റെ കഴിവിനൊത്തു നീ പരിശ്രമിക്കണം. നിനക്കുവേണ്ടി, നിന്റെ നന്മയ്ക്കുവേണ്ടി നോമ്പുനോക്കുന്നവർ, കരങ്ങൾ വിരിക്കുന്നവർ, പരിഹാരകർമങ്ങൾ അനുഷ്ഠിക്കുന്നവർ അങ്ങനെ അനേകരുടെ പിന്തുണ നീയാകുന്ന വൃക്ഷത്തിന്റെ വേരുകളായി അതിനെ താങ്ങുന്നുണ്ട്; നീ അവയെ കാണുന്നില്ലെങ്കിലും. അവർക്കാർക്കും നീയായിട്ട് നിരാശയ്ക്കു നിദാനമാകരുത്.

**വളം നിന്റെ ആരോഗ്യമാണ്** എന്നതാണ് രണ്ടാമത്തെ സമവാക്യം. മരത്തിന്റെ ആരോഗ്യത്തിനുവേണ്ടിയല്ലേ സാധാരണ നാം അതിന്റെ ചുവടിളക്കി വളമിട്ടുകൊടുക്കുന്നത്? ബലമുള്ള വൃക്ഷക്കൊമ്പുകൾക്കേ പഴക്കുലകളെ വഹിക്കാനുള്ള ശേഷിയുണ്ടാകൂ. നീയാകുന്ന അത്തിമരം ബലിഷ്ഠമായിരിക്കണം. എങ്കിൽ മാത്രമേ നിന്റെ കാതലായ ആത്മാവിനും ആരോഗ്യമുണ്ടാവൂ. അപ്പോൾ മാത്രമേ ദൈവാത്മാവിന്റെ ഫലങ്ങൾ (ഗലാ. 5:22,23) ചൂടാൻ അതിനു സാധിക്കൂ. ആത്മാവിന്റെ ആരോഗ്യമാണ് സർവപ്രധാനം. ആരോഗ്യം രോഗമില്ലാത്ത അവസ്ഥയാണ്. ആത്മാവിന്റെ ആരോഗ്യം അതിന്റെ അമലതയാണ്. പാപത്തിന്റെ പങ്കിലതകളോ, പുഴുക്കുത്തുകളോ ഇല്ലാത്ത സ്ഥിതി. അതിന്റെ രോഗങ്ങൾ പാപവും സമാനമായ ശീലങ്ങളും തന്നെ. ആത്മാവിനു പ്രതിരോധശേഷി നഷ്ടപ്പെടുമ്പോഴാണ് അത് പലവിധ വ്യാധികൾക്ക് അടിമപ്പെടുന്നതും സാത്താന്റെ സത്രമായി മാറുന്നതും. നിന്റെ ആത്മാവിന് രോഗാണുക്കളെ ചെറുത്തുതോല്പിക്കുന്നതിനുവേണ്ടിയാണ് അമൂല്യങ്ങളായ ആത്മീയ ഔഷധക്കൂട്ടുകൾ സഭയാകുന്ന സത്രത്തിൽ നല്കപ്പെടുന്നത്. അത്തിത്തരുവിന്റെ കട കിളച്ചു വളമിട്ടുകൊടുക്കുന്ന വേലക്കാരന്റെ കടമ ഇന്നു നിനക്കുവേണ്ടി ചെയ്തുതരുന്നത് നീ അംഗമായിരിക്കുന്ന തിരുസഭയാണ്. നിനക്കുവേണ്ടി ഉടയോനായ കർത്താവിനോട് മധ്യസ്ഥം യാചിക്കുന്നതും സമയാസമയങ്ങളിൽ നിന്റെ ആത്മീയ പരിപോഷണത്തിനു ആവശ്യമായ വളക്കൂട്ടുകൾ കരുതലോടെ നല്കുന്നതും സഭ തന്നെ. ആ പോഷകമിശ്രിതങ്ങളിൽ പ്രധാനമായും രണ്ടു ചേരുവകളാണുള്ളത്: വിശുദ്ധവചനവും വിശുദ്ധകൂദാശകളും.

**ആയുസ്സെന്നാൽ വെറും ദിവസങ്ങളുടെയോ, മാസങ്ങളുടെയോ മുഴുത്തുകയല്ല. മറിച്ച്, ഫലം പുറപ്പെടുവിക്കാനായി കർത്താവ് അനുവദിച്ചു തരുന്ന അവസരങ്ങളുടെ ആകെത്തുകയാണ്.**

**വചനം നിന്റെ വളമാണ്** എന്നതാണ് മൂന്നാമത്തെ സമവാക്യം. ക്രൈസ്തവവിശ്വാസി എന്ന നിലയിൽ നിന്റെ ആധ്യാത്മികവളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ആദ്യത്തെ പോഷണം കാലത്തെ അതിജീവിക്കുന്ന കർത്താവിന്റെ വചനം തന്നെയാണെന്നതിൽ തെല്ലും സന്ദേഹം വേണ്ട. വളക്കൂറുള്ള നിലം എന്നാൽ, വചനക്കൂറുള്ള നിലം എന്നുതന്നെയാണ്. വചനത്തിൽ വേരൂന്നുക എന്നതുകൊണ്ട് വചനപുഷ്ടമായ മണ്ണിൽ അടിയുറച്ചു നില്ക്കുക എന്നാണ് അർഥമാക്കുന്നത്. അതുകൊണ്ടാണ് "എന്റെ വചനം നിങ്ങളിൽ നിലനില്ക്കുന്നെങ്കിൽ നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കും" (യോഹ. 15:7-9) എന്ന് അവൻ അരുൾചെയ്യുന്നതും. ജീവിക്കണമെങ്കിൽ അവന്റെ വചനം വേണം (മത്താ. 4:4). ജീവൻ ആരോഗ്യത്തിന്റെ ആധിക്യവും മരണം ആരോഗ്യത്തിന്റെ അഭാവവുമാണ്. ആകയാൽ, വചനസേചിതമായിരിക്കട്ടെ നീ വസിക്കുന്ന ഇടം. വിശുദ്ധവചനത്തിന്റെ വളക്കൂറുള്ള മേൽമണ്ണ് നിന്റെ വീട്ടുവളപ്പിൽനിന്നു ഒലിച്ചുപോകാതെ സൂക്ഷിക്കുക. വചനവായന അനുദിനശീലമാക്കാനുള്ള ഒരു തീരുമാനം ഈ പുതുവർഷത്തിൽ എടുത്ത് മുടക്കം കൂടാതെ നടപ്പാക്കുക. വരും ദിനങ്ങളിൽ തീർച്ചയായും അതിന്റെ ഫലം നീ അനുഭവിക്കും. ജീവിതം നീ വിചാരിക്കാത്ത വിധത്തിലുള്ള മാറ്റങ്ങൾ നിനക്കു സമ്മാനിക്കും. 'വചനത്തോടൊപ്പം'

എന്നൊരു പദ്ധതി ഇന്നുമുതലുള്ള ജീവിതത്തിലെ ദിനചര്യകളിൽ ഒന്നായിരിക്കട്ടെ. പത്തുമിനിറ്റെങ്കിൽ അത്രയും വേദഗ്രന്ഥത്തോടൊപ്പം ചിലവഴിക്കുക. വിജയങ്ങൾ വളരെയായിരിക്കും; വീഴ്ചകൾ വിരളവും! നിന്റെ ഹൃദയസംഭരണിയിൽ വിശുദ്ധവചനത്തിന്റെ വളച്ചാക്കുകൾ അട്ടിയിട്ട് അടുക്കിവയ്ക്കുക. വചനവളത്തിന്റെ ക്ഷാമം നിന്റെ വിളവിന്റെ ക്ഷാമം തന്നെയായിരിക്കുമെന്ന് വിസ്മരിക്കാതിരിക്കുക. വചനം അനുദിനം വായിച്ച് വിചിന്തനവിധേയമാക്കുക. അത് നിന്നെ വളർത്തിക്കൊള്ളും; നിനവിലും, നിദ്രയിലും ഒരുപോലെ.

**വിശുദ്ധ കൂദാശകൾ നിന്റെ വളമാണ്** എന്നതാണ് നാലാമത്തെ സമവാക്യം. ക്രിസ്തുവിൽ നവജീവിതം നയിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന നിന്നെ സംബന്ധിച്ചിടത്തോളം സഭയിലെ സംപൂജ്യങ്ങളായ സപ്തകൂദാശകൾ നിന്റെ ആത്മീയമായ ഫലസമൃദ്ധിക്ക് സഹായിക്കുന്ന വളക്കൂട്ടാണ്. ആത്മാവിന്റെ അത്താഴമായ കുർബാനയും അനുരഞ്ജനത്തിന്റെ അടയാളമായ കുമ്പസാരവും വേണ്ടത്ര ഒരുക്കത്തോടും യോഗ്യതയോടും കൂടെ നീ സ്വീകരിക്കുമ്പോൾ നിന്റെ ആത്മാവിനു ആയുസ്സും ആരോഗ്യവും കണിശമായും കൈവരും. അവ നിന്റെ കർത്താവിനോടു നിന്നെ കൂടുതൽ അനുരൂപപ്പെടുത്തും. അടുത്തടുത്തുള്ള കൂദാശാസ്വീകരണം നിന്റെ വിശ്വാസജീവിതവൃക്ഷത്തിന്റെ കാബലം പത്തിനു പന്ത്രണ്ടാക്കും. കഴിയുമെങ്കിൽ ദിവസവും ദിവ്യബലിയിൽ പങ്കുകൊണ്ട് ദിവ്യകാരുണ്യം കൈക്കൊള്ളുക. അടിക്കടി അനുരഞ്ജനകൂദാശ സ്വീകരിക്കുക. കുർബാന നിന്റെ ആത്മാവിന്റെ ഉണ്മയും കുമ്പസാരം നിന്റെ ആത്മാവിന്റെ വെണ്മയുമാണ്. ക്രിസ്ത്യാനിയായ നിന്റെ ജീവിതവൃക്ഷം കൂദാശാമിശ്രിതമായ മണ്ണിൽ വളരുന്ന ഒന്നായിരിക്കണം. പരിശുദ്ധ കൂദാശകളുടെ കൂടാരങ്ങളിൽ നീയും നിന്റെ കുടുംബവും പാർക്കുക. പൈശാചികമായ പ്രളയക്കെടുതികളിൽ നിന്നും അവ നിങ്ങളെ പരിരക്ഷിക്കും. കൂദാശകളാകുന്ന അരിപ്പത്തട്ടുകളിൽ നിന്റെ ജീവിതത്തെ അനുനിമിഷം തെള്ളിയെടുക്കുക. നിന്നിലെ അരുതാത്തവയെ ഒക്കെ വേർതിരിച്ച് നന്മയുടെ നേർത്ത തരികളെ നിന്നിൽ അവശേഷിപ്പിക്കാൻ അവയ്ക്കോരോന്നിനും അമാനുഷമായ കഴിവുണ്ട്. കൂദാശകൾ കർത്താവിനാൽ സ്ഥാപിതങ്ങളാണ്. ആകയാൽ, അവ സ്വഭാവത്താൽതന്നെ പവിത്രവും പവിത്രീകരിക്കുന്നവയുമാണ്. ആരൊക്കെ അവയെ ദുരുപയോഗിക്കാൻ ശ്രമിച്ചാലും അവയുടെ സത്തയ്ക്ക് മാറ്റമുണ്ടാവില്ല. ആർക്കും അവയെ തരംതാഴ്ത്താനോ, തച്ചുടക്കാനോ അധികാരമില്ല. കുഴിച്ചുമൂടാൻ കുറേപ്പേർ തന്ത്രങ്ങൾ മെനഞ്ഞാലും കൂദാശകളുടെ ശക്തിയും പ്രസക്തിയും കൂടിവരുന്നതേയുള്ളൂ എന്ന് കാലം തെളിയിച്ചുകൊണ്ടേയിരിക്കും.

**വർഷവും വളവും നിന്നിലെ വിളവിനുവേണ്ടിയാണ്** എന്നതാണ് അഞ്ചാമത്തെ സമവാക്യം. നടന്നു തളർന്ന് വിശ്രമിക്കാനല്ല മറിച്ച്, വിശപ്പടക്കാനാണ് അവൻ വൃക്ഷച്ചുവട്ടിൽ വന്നത്. അതുകൊണ്ടുതന്നെ തഴച്ചുനിന്ന തളിരിലക്കൂട്ടങ്ങൾ അവന് അല്പം പോലും ആശ്വാസം പകർന്നില്ല. പച്ചിലകൾക്കിടയിൽ പഴങ്ങളെയാണ് അവന്റെ കണ്ണുകൾ തിരഞ്ഞത്. തന്റെ വിശപ്പ് ശമിപ്പിക്കാൻ ഒന്നുപോലും കാണാത്തതു മൂലമാണ് ഒന്നിനെ അവൻ സമൂലം ശപിച്ചുണക്കിക്കളഞ്ഞത്! (മത്താ. 21:19). നീയാകുന്ന അത്തിമരത്തിലെ പച്ചിലജാലങ്ങളെ നിന്റെ കർത്താവിനു ആവശ്യമില്ല. ഇലകൾ എല്ലാ വൃക്ഷലതാദികൾക്കും ഉള്ളതല്ലേ? പ്രകൃതിയിൽ തന്നെ ഇലകളല്ലേ കായ്കളേക്കാൾ എണ്ണത്തിൽ കൂടുതൽ? എന്നാൽ, ഭക്ഷ്യയോഗ്യമായ കനികൾ എല്ലാത്തിനുമില്ല. അവനു വേണ്ടത് നിന്നിലെ ഫലങ്ങളാണ്; കടിച്ചു കഴിക്കാൻ പറ്റുന്ന സ്വാദുള്ള പഴങ്ങൾ! നിന്റെ ജീവിതത്തിലേക്ക് അവൻ കൈനീട്ടുമ്പോൾ കൊടുക്കാൻ കാര്യമായി എന്തെങ്കിലും നിന്റെ പക്കലുണ്ടോ? ഇല്ലെങ്കിൽ പേടിക്കണം. കരിഞ്ഞുണങ്ങലിന്റെ ചില അനുഭവങ്ങൾ നിനക്കുമുണ്ടാകും. ഉടയോനുവേണ്ടിയല്ലെങ്കിൽ പിന്നെ ആർക്കുവേണ്ടിയാണ് നീ കായ്ച്ചുനില്ക്കേണ്ടത്?

ചങ്ങാതീ, വേദഗ്രന്ഥത്തിലെ അത്തിവൃക്ഷത്തിൽനിന്ന് പഠിക്കുക (മർക്കോ. 13:28). ഫലനിബിഢമായ അത്തിമരം ദൈവരാജ്യത്തിന്റെ അടയാളമായതുപോലെ ആത്മാവിന്റെ ഫലങ്ങൾ നിറഞ്ഞ നിന്റെ ജീവിതം ഭൂമിയിലെ ദൈവികസാന്നിധ്യത്തിന്റെ പ്രതീകമാണ്. നാളുകൾക്കുമുമ്പ് നമ്മുടെ നാടിനെയും നഗരത്തെയുമൊക്കെ നടുക്കിയ, ദേശത്തെ മുഴുവൻ ദുഃഖത്തിൽ മുക്കിത്താഴ്ത്തിയ ജലദുരന്തത്തിന്റെ നടുവിലും വേരോടെ വീണു നശിച്ചുപോകാതെ നീയാകുന്ന അത്തിവൃക്ഷം ഇന്നും അതിജീവിക്കുന്നത് നിന്റെ ദൈവത്തിനു നിന്നെക്കുറിച്ചുള്ള ആശകൾ ഒഴുക്കിൽ ഒലിച്ചുപോകാതെ എവിടെയൊക്കെയോ ഇനിയും അവശേഷിക്കുന്നതുകൊണ്ടാണ്. ഈ പുതുവത്സരത്തിലുടനീളം ദൈവം നിന്റെ ജീവിതവൃക്ഷത്തിനു ആയുരാരോഗ്യങ്ങൾ അനുഗ്രഹിച്ചരുളട്ടെ. കനികളുണ്ടെങ്കിലേ കർത്താവിന്റെ കണ്ണിലുണ്ണിയാകാൻ കഴിയൂ. ആകയാൽ, ആയുസ്സിലെ ഓരോ ഇരവുപകലും അവസാനിക്കുമ്പോൾ ഓർക്കുക നീയാകുന്ന അത്തിച്ചുവട്ടിൽ അവനുണ്ട്, വിശക്കുന്ന വയറുമായി നിന്റെ ഉടയവൻ!

**ഫലനിബിഢമായ അത്തിമരം ദൈവരാജ്യത്തിന്റെ അടയാളമായതുപോലെ ആത്മാവിന്റെ ഫലങ്ങൾ നിറഞ്ഞ നിന്റെ ജീവിതം ഭൂമിയിലെ ദൈവികസാന്നിധ്യത്തിന്റെ പ്രതീകമാണ്.**



**കെ.ടി പൈലി**

"ഭർത്താവിനെ ബഹുമാനിക്കുന്ന ഭാര്യയെ സകലരും വിവേകവതിയായി കാണും. അവനെ അഹമ്മതി പൂണ്ട് അവഹേളിക്കുന്നവൾ അധർമ്മിണിയായി എണ്ണപ്പെടും. ഉത്തമയായ സ്ത്രീയുടെ ഭർത്താവ് സന്തുഷ്ടനാണ്; അവന്റെ ആയുസ്സ് ഇരട്ടിക്കും" (പ്രഭാഷകർ 26:2627). ഇവിടെ നല്ല ഭർത്താവെന്നോ ചീത്ത ഭർത്താവെന്നോ പറയുന്നില്ല; ഭർത്താവ് അത്രമാത്രം.

എനിക്കു പരിചയമുള്ള ഒരു സഹോദരിയുടെ ജീവിതം കണ്ട് മനസ്സിലാക്കിയ ഒരു വചനമാണ് മുകളിൽ ഉദ്ധരിച്ചത്. ധ്യാനമന്ദിരത്തിൽ വച്ചാണ് അവരെ ആദ്യം പരിചയപ്പെട്ടത്. പിന്നെ സാഹചര്യം കൊണ്ട് അവരുടെ കുടുംബപശ്ചാത്തലം അറിയാൻ ഇടയായി. കല്യാണം കഴിഞ്ഞ കാലംമുതൽ ഭർത്താവിന്റെയും ഭർത്താവിന്റെ കുടുംബത്തിലുള്ളവരുടെയും പലവിധത്തിലുള്ള നിന്ദനങ്ങൾക്കും പീഡനങ്ങൾക്കും ഇരയായിരുന്നു. ഭർത്താവ് മുഴുകുടിയൻ; എന്നും വീട്ടിൽ വഴക്കുണ്ടാക്കും. ചിലപ്പോൾ മർദ്ദനവും ഏൽക്കേണ്ടിവരും. അങ്ങനെ കാലം കഴിഞ്ഞു. ഭർത്താവിന്റെ വരുമാനം കഴിഞ്ഞു. ഭർത്താവിന്റെ വരുമാനം കാര്യമായിട്ടൊന്നും വീട്ടിൽ എത്താറില്ല. അങ്ങനെ അവർ ഒരു പ്രസ്സിൽ ബൈന്റിങ് ജോലിക്കുപോയി. കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് രണ്ടു മക്കളെയും വളർത്തി പഠിപ്പിച്ചു. രണ്ടുപേരെയും ദൈവഭക്തിയിൽ വളർത്തി. അവരെക്കുറിച്ച് അറിയാവുന്ന നല്ലവരായ പലരിൽനിന്നും സഹായങ്ങൾ ലഭിച്ച് കുട്ടികളെ പഠിപ്പിച്ചു. മകൾ നേഴ്സിംഗ് പാസ്സായി. ഇപ്പോൾ അമേരിക്കയിൽ ജോലി ചെയ്യുന്നു. മകൻ ബാംഗ്ലൂരിൽ എഞ്ചിനീയറിംഗിനു പഠിക്കുന്നു. ഭർത്താവ് സുഖമില്ലാതെ കിടപ്പിലാണ്.

# യുദ്ധം ജയിച്ചവർ



**പരുക്കനായ ഒരു മനുഷ്യനെ മെരുക്കിയെടുത്ത് ദൈവമകനാക്കി മാറ്റിയ അവരെ ദൈവമകളെന്നല്ലാതെ എന്താണു വിളിക്കുക, പ്രതികൂല സാഹചര്യങ്ങൾ പിടിച്ചുനിന്ന് ജീവിതം കരുത്തുപിടിപ്പിച്ച ഈ സഹോദരിയെ 'യുദ്ധം ജയിച്ചവൾ' എന്നല്ലാതെ മറ്റെന്താണ് വിശേഷിപ്പിക്കേണ്ടത്.**

ഇപ്പോൾ നല്ല മനുഷ്യൻ, പ്രാർഥിക്കും. ഭാര്യയെക്കുറിച്ച് നല്ലതേ പറയാനുള്ളൂ. ഭർത്താവിനെ ശുശ്രൂഷിച്ച് വീട്ടുകാര്യങ്ങൾ ചെയ്തുതീർത്ത് പ്രാർഥനയും ധ്യാനകേന്ദ്രത്തിൽ പ്രേഷിതപ്രവർത്തനവുമായി കഴിയുന്നു. തികച്ചും സന്തോഷവതി! സ്വന്തമായി ഒരു വീടുണ്ട്. മകൾ എല്ലാ മാസവും അമ്മയുടെ അക്കൗണ്ടിൽ നല്ലൊരു തുക അയയ്ക്കുന്നു. ആ പണംകൊണ്ട് മകനെ പഠിപ്പിക്കുന്നു. നല്ലൊരു തുക സാധുജനങ്ങൾക്കു സഹായം നല്കുന്നു. ധ്യാനകേന്ദ്രത്തിനു മറ്റും സംഭാവന ചെയ്യുന്നു. മധ്യവയസ്സു കഴിഞ്ഞ ഇവരുടെ ജീവിതം ഒരു മാതൃകയാണ്. കുടുംജീവിതത്തിലെ സഹനങ്ങൾ സുകൃതങ്ങളാക്കി മാറ്റിയവരാണവർ. കൊച്ചു കൊച്ചു സഹനങ്ങൾപോലും നേരിടാൻ കഴിയാതെ തമ്മിൽതല്ലി പിരിയുന്ന ദമ്പതിമാർക്ക് അവളൊരു വെല്ലുവിളിയാണ്. മുഴുകുടിയനും തെമ്മാടിയുമായ ഒരു ഭർത്താവിനെ ക്ഷമയോടെ സ്വീകരിച്ച് മക്കൾക്ക് ജന്മം നൽകി അവരെ ദൈവമക്കളാക്കി വളർത്തി വലുതാക്കി സൗഭാഗ്യകരമായ ജീവിതം നൽകിയ അവരെ മഹതിയെന്നല്ലാതെ മറ്റെന്താണു വിളിക്കുക.

പരുക്കനായ ഒരു മനുഷ്യനെ മെരുക്കിയെടുത്ത് ദൈവമകനാക്കി മാറ്റിയ അവരെ ദൈവമകളെന്നല്ലാതെ എന്താണു വിളിക്കുക, പ്രതികൂല സാഹചര്യങ്ങൾ പിടിച്ചുനിന്ന് ജീവിതം കരുത്തുപിടിപ്പിച്ച ഈ സഹോദരിയെ 'യുദ്ധം ജയിച്ചവൾ' എന്നല്ലാതെ മറ്റെന്താണ് വിശേഷിപ്പിക്കേണ്ടത്. സങ്കീർത്തകൻ പറയുന്നു: "ദുരിതങ്ങളിൽ അകപ്പെട്ടപ്പോൾ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു; എന്റെ പ്രാർഥനകേട്ട് അവിടന്ന് എന്നെ മോചിപ്പിച്ചു. കർത്താവ് എന്റെ പക്ഷത്തുണ്ട് ഞാൻ ഭയപ്പെടുകയില്ല. മനുഷ്യന് എന്നോട് എന്തുചെയ്യാൻ കഴിയും?" (സങ്കീ 118:5-6). "കർത്താവ് എന്നെ കഠിനമായി ശിക്ഷിച്ചു. എന്നാൽ അവിടന്ന് എന്നെ മരണത്തിനേൽപിച്ചില്ല. നീതിയുടെ കവാടങ്ങൾ എനിക്കായി തുറന്നു തരിക; ഞാൻ അവയിലൂടെ പ്രവേശിച്ച് കർത്താവിനു നന്ദി പറയട്ടെ" (സങ്കീ 118:8-9).

കഷ്ടപ്പാടിലും വേദനയിലും തളരാതെ ദൈവത്തിൽ ആശ്രയിച്ച് ജീവിതവിജയം നേടിയ ഈ സഹോദരി തീർച്ചയായും വിശുദ്ധരുടെ ഗണത്തിൽപ്പെടാതിരിക്കില്ല.

"എന്റെ സഹോദരരേ, നിങ്ങളിൽ ഒരാൾ സത്യത്തിൽനിന്നു വ്യതിചലിക്കുകയും അവനെ വേറൊരാൾ തിരിച്ചുകൊണ്ടുവരികയും ചെയ്യുന്നെങ്കിൽ പാപിയെ തെറ്റായ മാർഗ്ഗത്തിൽനിന്നു പിന്തിരിക്കുന്നവൻ തന്റെ ആത്മാവിനെ മരണത്തിൽനിന്നു രക്ഷിക്കുകയും തന്റെ നിരവധിയായ പാപങ്ങൾ തുടച്ചുനീക്കുകയും ചെയ്യുന്നുവെന്നു അറിഞ്ഞുകൊള്ളുവിൻ" (യാക്കോ 5:19-20).




ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ

# മരിയൻ ധ്യാനം

(3 ദിവസത്തെ വളർച്ചാ ധ്യാനം)

**2019 ജനുവരി 10 വ്യാഴാഴ്ച വൈകുന്നേരം**
**6 മണി മുതൽ**
**13 ഞായറാഴ്ച ഉച്ചക്ക് 2 മണി വരെ**

# മഹാപ്രളയം–2018




കുര്യൻ തലയോലപ്പറമ്പ്


**ഭൂ**മിയിൽ തിന്മ പെരുകുകയും ഭൂവാസികളുടെ പാപഭാരം ഭൂമിക്ക് അസഹനീയവുമാകുമ്പോൾ ദൈവം ഭൂമിയെ വിധിക്കുകയും ഭൂവാസികൾ തങ്ങളുടെ അകൃത്യത്തിന്റെ ഫലം അനുഭവിക്കുകയും ചെയ്യും. മനുഷ്യന്റെ ദുഷ്ടതയും പാപവും ലൈംഗിക അധാർമികതയും അതിന്റെ എല്ലാ അതിർവരമ്പുകളെയും അതിലംഘിക്കുമ്പോൾ പ്രകൃതിശക്തികളിലൂടെയും ദുരന്തങ്ങളിലൂടെയും ശക്തമായ താക്കീതും വ്യക്തമായ സന്ദേശവും ദൈവം നൽകുന്നതായി വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട് (ഉത് 6:5–8, 19:13). ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹബന്ധം അറ്റുപോകുമ്പോൾ മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധവും ശിഥിലമാകും. ഭൂമിയിൽ അതിക്രമങ്ങൾ പെരുകുമ്പോഴും പ്രകൃതിയെ ക്രൂരമായി ചൂഷണം ചെയ്യുമ്പോഴും പ്രതിരോധിക്കാനാവാത്ത ദുരന്തങ്ങളും

മനുഷ്യൻ എത്രമാത്രം പുരോഗമിച്ചെന്നു പറഞ്ഞാലും ദൈവത്തിന്റെ കൃപാകടാക്ഷങ്ങൾക്കും കാരുണ്യാതിരേകത്തിനും മുകളിലായി നിൽക്കാൻ അവന്റെ നേട്ടങ്ങൾക്കൊന്നും ശക്തിയില്ല. അനേക വർഷങ്ങൾ കൊണ്ട് മനുഷ്യൻ പടുത്തുയർത്തുന്നത് മുഴുവൻ തകർത്തടിയാൻ പ്രകൃതിക്ഷോഭത്തിന്റെ ഏതാനും നിമിഷങ്ങൾ മാത്രം മതിയാകും. ദൈവത്തിനുമാത്രം നിയന്ത്രിക്കാൻ കഴിയുന്ന തലങ്ങൾ ജീവിതത്തിലുണ്ടെന്ന് തിരിച്ചറിയുകയും അനന്തമായ ദൈവശക്തിയിൽ ആശ്രയിക്കുകയും വേണം.



**ഭൂ**മിയിൽ തിന്മ പെരുകുകയും ഭൂവാസികളുടെ പാപഭാരം ഭൂമിക്ക് അസഹനീയവുമാകുമ്പോൾ ദൈവം ഭൂമിയെ വിധിക്കുകയും ഭൂവാസികൾ തങ്ങളുടെ അകൃത്യത്തിന്റെ ഫലം അനുഭവിക്കുകയും ചെയ്യും. മനുഷ്യന്റെ ദുഷ്ടതയും പാപവും ലൈംഗിക അധാർമികതയും അതിന്റെ എല്ലാ അതിർവരമ്പുകളെയും അതിലംഘിക്കുമ്പോൾ പ്രകൃതിശക്തികളിലൂടെയും ദുരന്തങ്ങളിലൂടെയും ശക്തമായ താക്കീതും വ്യക്തമായ സന്ദേശവും ദൈവം നൽകുന്നതായി വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ട് (ഉത് 6:5-8, 19:13). ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹബന്ധം അറ്റുപോകുമ്പോൾ മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധവും ശിഥിലമാകും. ഭൂമിയിൽ അതിക്രമങ്ങൾ പെരുകുമ്പോഴും പ്രകൃതിയെ ക്രൂരമായി ചൂഷണം ചെയ്യുമ്പോഴും പ്രതിരോധിക്കാനാവാത്ത ദുരന്തങ്ങളും മറുമരുന്നില്ലാത്ത മഹാമാരികളും മനുഷ്യനെ വേട്ടയാടും. ദൈവത്തെയും പ്രകൃതിയെയും മറന്നുകൊണ്ടുള്ള മനുഷ്യന്റെ പ്രവർത്തികൾ പ്രതിസന്ധികളിൽനിന്ന് പ്രതിസന്ധികളിലേക്ക് തള്ളിയിടും. ലോകത്തിലെ വൻ ശക്തിയെന്ന് ഊറ്റംകൊള്ളുന്ന അമേരിക്ക, സംഹാരരൂപിണികളായി ആഞ്ഞടിച്ച 'റീത്ത' കൊടുങ്കാറ്റിന്റെയും 'കത്രീന' ചുഴലിക്കാറ്റിന്റെയും മുമ്പിൽ പ്രതിരോധമറിയാതെ പകച്ചുനിന്ന ഭയനീയരംഗം ദൃശ്യമാധ്യങ്ങളിലൂടെ നാം കണ്ടതല്ലേ? അതുപോലെ ഇൻഡോനേഷ്യൻ കടലിന്റെ അടിത്തട്ടിലെവിടെയോ സംഭവിച്ച ചെറിയൊരു ഭൂകമ്പത്തിന്റെ സംഹാരതാണ്ഡവം സുനാമിയുടെ രൂപത്തിൽ കേരള തീരങ്ങളെ വിറപ്പിച്ചതും നമ്മൾ കണ്ടതല്ലേ? കാറ്റടിക്കുമ്പോൾ വളഞ്ഞുകുത്തുന്ന ചിക്കൻ ഗുനിയ എന്ന ആഫ്രിക്കൻ ഇല്ലിമുളയുടെ പേരും സ്വഭാവവുമായി കേരളത്തിലേക്കുവന്ന് മലായാളികളെയും സംസ്ഥാന ആരോഗ്യവകുപ്പിനെയും ഒരുപോലെ വളഞ്ഞുകുത്തിച്ച് ചിക്കൻ ഗുനിയ എന്ന മഹാമാരി സമ്മാനിച്ച ശാരീരിക വൈകല്യങ്ങളും നമ്മൾ അനുഭവിച്ചതല്ലേ? ചെറിയ കാര്യങ്ങൾക്കുപോലും മനുഷ്യമനസ്സാക്ഷി ഇളവു നൽകാതിരിക്കുമ്പോൾ പ്രകൃതിക്ഷോഭത്തിൽ സകലതും നഷ്ടപ്പെടുന്ന കാഴ്ച്ച നമുക്കിപ്പോൾ സുപരിചിതമല്ലേ? മനുഷ്യൻ എത്രമാത്രം പുരോഗമിച്ചെന്നു പറഞ്ഞാലും ദൈവത്തിന്റെ കൃപാകടാക്ഷങ്ങൾക്കും കാരുണ്യാതിരേകത്തിനും മുകളിലായി നിൽക്കാൻ അവന്റെ നേട്ടങ്ങൾക്കൊന്നും ശക്തിയില്ല. അനേക വർഷങ്ങൾകൊണ്ട് മനുഷ്യൻ പടുത്തുയർത്തുന്നത് മുഴുവൻ തകർത്തടിയാൻ പ്രകൃതിക്ഷോഭത്തിന്റെ ഏതാനും നിമിഷങ്ങൾ മാത്രം മതിയാകും. ദൈവത്തിനുമാത്രം നിയന്ത്രിക്കാൻ കഴിയുന്ന തലങ്ങൾ ജീവിതത്തിലുണ്ടെന്ന് തിരിച്ചറിയുകയും അനന്തമായ ദൈവശക്തിയിൽ ആശ്രയിക്കുകയും വേണം.

ഓരോ ദുരന്താനുഭവങ്ങളുണ്ടാകുമ്പോഴും അതിൽനിന്ന് പാഠമുൾക്കൊള്ളാനുള്ള നമ്മുടെ വിമുഖതയാണ് ദുരന്തങ്ങൾ ആവർത്തിക്കാൻ കാരണമാകുന്നത്. പ്രകൃതിയിലുള്ള ദൈവത്തിന്റെ ക്രമീകരണങ്ങൾ തിരിച്ചറിയാതെ, പ്രകൃതിയുടെ താളംതെറ്റിക്കുന്ന പദ്ധതികൾ മനുഷ്യൻ ആവിഷ്കരിക്കുമ്പോഴാണ് ദൈവം സൃഷ്ടിച്ച ഈ മനോഹര ഗോളം വിരൂപമാകുന്നത്. അശാസ്ത്രീയമായ പ്രകൃതി ചൂഷണങ്ങളും പ്രകൃതിയോടുള്ള അവഗണനയും തുടർന്നാൽ നാം അധിവസിക്കുന്ന ഈ ഭൂമി അടുത്ത തലമുറകൾക്കായി അവശേഷിക്കുകയില്ല. എല്ലാം പിടിച്ചടക്കാനുള്ള മനുഷ്യമനസ്സിന്റെ അടങ്ങാത്ത ആർത്തിയും ആധിപത്യ മനോഭാവവുംമൂലം ഒട്ടേറെ ജീവജാലങ്ങൾക്ക് ഇതിനോടകം വംശനാശം വന്നുകഴിഞ്ഞു. ഈ നില തുടർന്നാൽ നമ്മുടെ നിലനിൽപ്പും അപകടത്തിലാകും. ദൈവം സൂക്ഷിക്കാൻ ഏൽപിച്ച തോട്ടമാണ് ഭൂമി. ഈ ഭൂമിയിൽ കൃഷി ചെയ്ത് ജീവിക്കുന്നതോടൊപ്പം ഈ മനോഹരതീരം സംരക്ഷിക്കാനുള്ള ചുമതലകൂടി ദൈവം മനുഷ്യന് നൽകിയിരിക്കുന്നു. പ്രകൃതിയെ ചൂഷണം ചെയ്യാനുള്ള വ്യഗ്രത അവസാനിപ്പിച്ച് പ്രപഞ്ചത്തെ പരിപാലിക്കാനും ബഹുമാനിക്കാനും നാം പഠിക്കണം. ജനങ്ങൾ സാമൂഹ്യ ഉത്തരവാദിത്വങ്ങളും ദൈവം ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളായി കണ്ട് സ്വമേധയാ നിറവേറ്റണം. ഈ തിരിച്ചറിവ് സ്വന്തമാക്കിയാൽ നമ്മുടെ നാട് ദൈവത്തിന്റെ തോട്ടമാകും.

മലയാളികളുടെ ജീവിതത്തെ ദുരിതപൂർണമാക്കിക്കൊണ്ട് 2018 ജൂലൈ മാസത്തിലാരംഭിച്ച പെരുമഴ സൃഷ്ടിച്ച അനിയന്ത്രിതമായ വെള്ളപ്പൊക്കവും കേരളത്തിലെ എല്ലാ ഡാമുകളും ഒന്നിച്ചു തുറക്കേണ്ടിവന്ന പ്രത്യേക സാഹചര്യം സൃഷ്ടിച്ച കുത്തൊഴുക്കും അതോടൊപ്പമുണ്ടായ ഉരുൾപൊട്ടലും മലയാളികൾക്ക് മറക്കാനാവാത്ത പ്രളയ ദുരിതമാണ് സമ്മാനിച്ചത്. കൊല്ലവർഷം1099-നുശേഷം (1924) കേരളം കണ്ട മഹാപ്രളയത്തിൽ മുന്നൂറിലേറെ ആളുകൾക്ക് ജീവഹാനി സംഭവിക്കുകയും ആയിരങ്ങൾ ഭവനരഹിതരാവുകയും ചെയ്തു. മനുഷ്യജീവിതം അസാധ്യമാകുംവിധം 2018 ഓഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയംമൂലം സ്വന്തം ഭവനവും ജീവനോപാധികളും ഉപേക്ഷിച്ച് ലക്ഷക്കണക്കിന് ആളുകളാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടിയത്. വെള്ളകെട്ടിൽ അകപ്പെട്ട് ഭക്ഷണമോ







മാത്യൂസ്
പാണ്ടിശ്ശേരിൽ

# ദേവാലയത്തിലെ വിശുദ്ധ കച്ചവടം

**ദൈവാരാധനയ്ക്കുപകരം പുരോഹിതർ കച്ചവടത്തിൽ മുഴുകി വിലപേശലും ഗുണ്ടായിസവും അരങ്ങേറി ദേവാലയ അന്തരീക്ഷം പാവപ്പെട്ടവന്റെ പീഢന വേദിയാക്കി മാറ്റി. വിശുദ്ധസ്ഥലത്തിന്റെ പേരിലും മറവിലും നടത്തിവന്ന ഈ അന്യായം വേലിതന്നെ വിളവുതിന്നുന്ന സ്ഥിതിയിലായി. ഭൗതികതയുടെ ആർത്തി ആത്മീയതയുടെ മേഖലകളെ വിഴുങ്ങിയപ്പോൾ നിത്യശാന്തനായ ലോകൈക ഗുരു ചാട്ടവാറെടുത്ത് അഴിമതിക്കാരെ പുറത്താക്കുകയായിരുന്നല്ലോ...**

**വ**ഴിതെറ്റിയ മതാത്മകതയെ രൂക്ഷമായി ക്രിസ്തു എതിർത്തിരുന്നു; പ്രത്യേകിച്ച് ദേവാലയവും മതമേഖലയും കച്ചവടത്തിന്റെ രംഗമാകരുതെന്ന് സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ദ്രവ്യാഗ്രഹം മതത്തെ ചൂഷണോപാധിയാക്കി, മതത്തിനു വഴിതെറ്റുമ്പോൾ ആദ്യം പടിയിറങ്ങിപോകുന്നത് ദൈവമാണ്. അതോടൊപ്പം നന്മയായ സകലതും പടിയിറങ്ങും.

യഹൂദരുടെ വിശ്വാസം ദൈവമായ കർത്താവ് ഏകനായിരിക്കുന്നതുപോലെ അവിടത്തെ ആലയവും ഏകമാണ് എന്നാണ്. ജറുസലെം ദേവാലയം പണിയാൻ ലോകത്തിൽ അനുയോജ്യമായ ഒരേയൊരു സ്ഥലം ദൈവം (നാഥാൻ പ്രവാചകനിലൂടെ) ചൂണ്ടികാട്ടിയ ഇടം ഭൂമിയുടെ കേന്ദ്രബിന്ദുവാണെന്ന് യഹൂദർ വിശ്വസിക്കുന്നു. ദൈവം ഭൂമിയെ ഉറപ്പിച്ചിരിക്കുന്ന പാറയുടെ മുകളിലാണ് ജറുസലെം ദേവാലയം പണിയപ്പെട്ടിരിക്കുന്നതത്രേ. ആദാമിനെ മെനയാൻ ദൈവം മണ്ണു കുഴച്ചതും അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാൻ ബന്ധിച്ചു കിടത്തിയതും ഈ പാറമേലായിരുന്നു. ഈ പാറമേൽ വളർന്ന മുൾചെടിയിന്മേലാണ് അഗ്നിയായി ദൈവം മോശയ്ക്ക് പ്രത്യക്ഷനായതെന്നും യഹൂദർ വിശ്വസിക്കുന്നു. ഇസ്രായേലിന്റെ ചരിത്രത്തിൽ കേന്ദ്രസ്ഥാനത്തു നില്ക്കുന്ന ജറുസലെം പട്ടണത്തെ സീയോൻ, ഷാലെം (സാലെം) എന്നീ പേരുകളിലും പഴയനിയമത്തിൽ അറിയപ്പെടുന്നു. ഷാലെമിലെ രാജാവായ മെൽക്കിസെദെക്ക് അബ്രാഹത്തിനെ ആശീർവദിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. വിജാതീയ പട്ടണമായിരുന്ന ജറുസലെമിനെ ദാവീദു രാജാവ് കീഴടക്കി തന്റെ തലസ്ഥാന നഗരമാക്കിയശേഷമാണ് ജറുസലെമിന്റെ ചരിത്രം പ്രാധാന്യമേറിയത്. വാഗ്ദാനപേടകം ദാവീദു രാജാവ് ഇവിടേക്കു കൊണ്ടുവന്ന് സ്ഥാപിച്ച സ്ഥലത്താണ് സോളമൻ ദേവാലയം നിർമിച്ചത്. യൂദാ രാജാക്കന്മാരുടെ തലസ്ഥാനനഗരി എന്നതിലുപരി ഇസ്രായേലിന്റെ ദൈ

വം കൂടാരമടിച്ചു വസിക്കുന്ന സ്ഥലമെന്ന ഖ്യാതിയും ജറുസലെമിന്റെ പ്രാധാന്യത്തിനു കാരണമായി.

തന്റെ ആലയത്തിനായുള്ള സ്ഥലനിർണ്ണയത്തിലും എപ്പോൾ ആരു നിർമ്മിക്കണമെന്നും ദൈവത്തിനു നിശ്ചയമുണ്ട്. നമ്മുടെ ഇടവകകളിൽ ദേവാലയം ആര് എപ്പോൾ പണിയണമെന്ന് ദൈവത്തിന്റെ പദ്ധതിയുണ്ടെന്ന് ഓർക്കണം.

സോളമൻ പണിത ആദ്യ ജറുസലെം ദേവാലയം ബി.സി 589-ൽ ബാബിലോൺ രാജാവ് നെബുക്കെദ്നേസർ നശിപ്പിച്ചു. ബി.സി 525-ൽ എസ്രായുടെ നേതൃത്വത്തിൽ ദേവാലയം പുനർനിർമ്മിച്ചു. അന്തിയോക്കസ് എപ്പിഫാനസ്സ് വീണ്ടും ദേവാലയം അശുദ്ധമാക്കി. ബി.സി 168-ൽ യൂദാസ്, മക്കബേയൂസ് പുനരുദ്ധരിച്ച ദേവാലയം ബി.സി 63-ൽ റോമൻ സൈന്യാധിപൻ പോംപെ നശിപ്പിച്ചു. ബി.സി 20-ൽ ഹേറോദേസ് രാജാവ് പുനർനിർമാണം ആരംഭിച്ച അതിമനോഹരമായ ദേവാലയമാണ് യേശുവിന്റെ കാലത്ത് നിലനിന്നിരുന്നത്. 46 വർഷമെടുത്തു ഈ ദേവാലയപണി പൂർത്തിയാക്കാൻ. എ.ഡി 70-ൽ റോമൻ സൈന്യാധിപൻ ടൈറ്റസ് ഈ ദേവാലയം തകർത്തതിനുശേഷം പിന്നീടൊരിക്കലും ജറുസലെം ദേവാലയം പുനർനിർമിച്ചിട്ടില്ല. പിന്നീട് മുസ്ലീം അധിനിവേശകാലത്ത് ഈ ദേവാലയത്തിന്റെ സ്ഥാനത്ത് 'ഡോം ഓഫ് റോക്ക്' എന്ന മുസ്ലീം ദേവാലയം പണിയപ്പെട്ടു. അങ്ങനെ സ്വന്തം ദേവാലയം നശിപ്പിക്കപ്പെടുകയും അതിരുന്ന സ്ഥലവും അന്യാധീനപ്പെടുകയും ലോകത്ത് മറ്റൊരിടത്തും ഒരു ദേവാലയം പണിയാൻ നിയോഗമില്ലാതിരിക്കുകയും ചെയ്യുകയെന്നതാണ് യഹൂദജനതയുടെ തീരാ ദുഃഖമായി മാറിയിരിക്കുന്നത്. മധ്യ ഏഷ്യയിൽ പ്രത്യേകിച്ച് ഇസ്രായേൽ, പാലസ്തീൻ പ്രശ്നം രൂക്ഷമായി പുകഞ്ഞുകൊണ്ടിരിക്കുന്നതിന്റെയും കാരണം ഇപ്പോൾ ഊഹിക്കാമല്ലോ.

മേല്പറഞ്ഞ ചരിത്രപശ്ചാത്തലത്തിൽ യേശുവിന്റെ ജറുസലെം ദേവാലയ ശുദ്ധീകരണത്തെ മനസ്സിലാക്കണം. ദേവാലയത്തിൽ ബലിയർപ്പിക്കപ്പെടേണ്ടവ കുറ്റമറ്റവയായിരിക്കണമെന്ന നിയമം ആചാരപരമായ പരിശുദ്ധി കാത്തുസൂക്ഷിക്കാൻ ലക്ഷ്യമിട്ടായിരുന്നു. അതിനു ന്യൂനതയില്ലാത്ത ബലിമൃഗങ്ങളെയും ബലിപ്രാവുകളെയും ദേവാലയത്തിൽനിന്നുതന്നെ പുരോഹിതർ ലഭ്യമാക്കിയിരുന്നു. ദേവാലയത്തിന്റെ ധാർമ്മിക വിശുദ്ധിയെപ്പോലും കളങ്കപ്പെടുത്തുന്ന സ്ഥിതിയിലേക്ക് കച്ചവടം പുരോഗമിച്ചു. പാവപ്പെട്ട ഭക്തർ ദൂരെദേശങ്ങളിൽനിന്ന് കാൽനടയായി കൊണ്ടുവരുന്ന ബലിമൃഗത്തെ ഏതെങ്കിലും അനാവശ്യ ന്യൂനതകൾ പുരോഹിതർ ആരോപിച്ച് നിസ്സാര വിലയ്ക്ക് അവയെ വാങ്ങി ഊനമറ്റവയെന്നു പറഞ്ഞ് അവർ നൽകുന്നതിനെ വൻവിലയ്ക്ക് വാങ്ങാൻ ഭക്തർ നിർബന്ധിതരായിത്തീർന്നു. ന്യൂനതയുടെ പേരിൽ ഇങ്ങനെ തട്ടിയെടുത്തതിനെ ഊനമറ്റവയായി പിന്നാലെ വരുന്ന ഭക്തർക്ക് ഭീമമായ ലാഭത്തിന് വിറ്റിരുന്നു. അതുപോലെ വിജാതീയ മുദ്രകളുള്ള അശുദ്ധ നാണയങ്ങൾ ദേവാലയ ഭണ്ഡാരത്തിൽ നിക്ഷേപിക്കാൻ അനുവാദമില്ലാത്തതിനാൽ അവയ്ക്ക് തുല്യ മൂല്യമുള്ള യഹൂദനാണയമായ 'തുറിയാൻ' കൈമാറ്റം ചെയ്യാനായി നാണയമാറ്റക്കാരും ദേവാലയത്തിൽ തമ്പടിച്ച് കൊള്ളലാഭം നേടിയിരുന്നു. ദൈവാരാധനയ്ക്കുപകരം പുരോഹിതർ കച്ചവടത്തിൽ മുഴുകി വിലപേശലും ഗുണ്ടായിസവും അരങ്ങേറി ദേവാലയ അന്തരീക്ഷം പാവപ്പെട്ടവന്റെ പീഡനവേദിയാക്കി മാറ്റി. വിശുദ്ധസ്ഥലത്തിന്റെ പേരിലും മറവിലും നടത്തിവന്ന ഈ അന്യായം വേലി തന്നെ വിളവുതിന്നുന്ന സ്ഥിതിയിലായി. ഭൗതികതയുടെ ആർത്തി ആത്മീയതയുടെ മേഖലകളെ വിഴുങ്ങിയപ്പോൾ നിത്യശാന്തനായ ലോകൈക ഗുരു ചാട്ടവാറെടുത്ത് അഴിമതിക്കാരെ പുറത്താക്കുകയായിരുന്നല്ലോ...

ചുരുക്കത്തിൽ പള്ളിയും മതമേഖലയും കച്ചവടവേദിയാക്കരുത്. ആത്മീയ മേഖലകളിൽ കച്ചവട മനോഭാവം പാടില്ല. തന്റെ പിതാവിന്റെ ആലയത്തെ ഭൗതികനേട്ടത്തിന്റെ ഉപാധിയാക്കുന്നവർക്കെല്ലാം ക്രിസ്തു നൽകുന്ന താക്കീതായി ഈ സംഭവത്തെ കാണാം. ക്രിസ്തുമതം ഉൾപ്പെടെ എല്ലാ മതങ്ങളുടെയും ആരാധനകേന്ദ്രങ്ങളോടും തീർഥാടനകേന്ദ്രങ്ങളോടും അനുബന്ധമായി സമാനമായ കച്ചവടം ഇന്നും സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

കച്ചവട മനോഭാവങ്ങൾ ദൈവാരാധനയെ വിഴുങ്ങാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന സന്ദേശം യോഹന്നാന്റെ സുവിശേഷം 2:13-16 ലൂടെ തന്നിരിക്കുന്നു.

## സാക്ഷ്യം



**ഞാൻ** 35 വർഷമായി ശ്വാസം മുട്ടലുള്ള വ്യക്തിയാണ്. റോട്ടോകാപ് (വലിവിനുള്ള മരുന്ന്) രാവിലെയും വൈകിട്ടും എടുക്കുമായിരുന്നു. എന്നാൽ ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ ആന്തരികസൗഖ്യ ധ്യാനത്തിൽ പങ്കെടുത്തതുവഴി എന്റെ അസുഖം മാറുകയും രണ്ടാം ദിവസം മുതൽ മരുന്ന് ഉപയോഗിക്കാതെ സാധാരണ രീതിയിലാകുകയും ചെയ്തു. യേശുവേ സ്തോത്രം യേശുവേ നന്ദി.

**മറിയാമ്മ സാമുവൽ**




മേരി പോൾ

# കുടുംബങ്ങളിലെ കെടാവിളക്കുകൾ

**ഈ** കാലഘട്ടത്തിലെ ഏറ്റവും വലിയ ദൈവാനുഗ്രഹമാണ് യുവജനങ്ങളിലൂടെയും കുഞ്ഞുമക്കളിലൂടെയും വിദ്യാർഥി വിദ്യാർഥിനികൾ എത്ര ഒരുമയോടെയാണ് കുടുംബങ്ങളിലും വിദ്യാലയങ്ങളിലും ദേവാലയങ്ങളിലും സമൂഹത്തിലും പ്രവർത്തിക്കുന്നത്. കരുണയുടെ സ്നേഹ സാന്നിധ്യങ്ങൾ അവരല്ലേ. ജാതിമത ചിന്തകളോ സാമ്പത്തിക ഉച്ചനീചത്വങ്ങളോ അവരുടെ മനസ്സുകളെ അകറ്റിനിറുത്തുന്നില്ല. കൂട്ടുകാരുടെ ഇല്ലായ്മകളും വല്ലായ്മകളും തിരിച്ചറിഞ്ഞ് ത്യാഗം സഹിച്ചും അവരോടൊപ്പം ചേരുന്ന തലമുറ. അവർ കാലത്തെയും അതിജീവിക്കുന്ന വ്യക്തിത്വങ്ങളാണ്. അങ്ങനെ ദൈവം ദാനമായിതന്ന മക്കളെ അവർ ആയിരിക്കുന്ന അവസ്ഥയിൽ സ്വീകരിക്കുകയും വേണ്ട തിരുത്തലുകൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അവരെല്ലാവരും ഒരുമിച്ച് കൈകോർത്ത് ജീവിതവഴികളിൽ മുന്നോട്ട് നീങ്ങട്ടെ. നമുക്ക് സാധിക്കാത്ത പല കാര്യങ്ങളും അവർക്കു ചെയ്യാൻ സാധിക്കും. ഒട്ടും സംശയിക്കേണ്ട.

പഴയനിയമത്തിലും പുതിയനിയമത്തിലും അമ്മയുടെ ഉദരത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ട് നിറക്കുന്നത് നാം

**ദൈവം ദാനമായിതന്ന മക്കളെ അവർ ആയിരിക്കുന്ന അവസ്ഥയിൽ സ്വീകരിക്കുകയും വേണ്ട തിരുത്തലുകൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അവരെല്ലാരും ഒരുമിച്ച് കൈകോർത്ത് ജീവിതവഴികളിൽ മുന്നോട്ട് നീങ്ങട്ടെ. നമുക്ക് സാധിക്കാത്ത പല കാര്യങ്ങളും അവർക്കു ചെയ്യാൻ സാധിക്കും.**



കാണുന്നു. ഈ കാലഘട്ടത്തിലും ഈ അഭിഷേകം നടക്കുന്നുണ്ട്. ജീവിതവ്യ ഗ്രതകളിൽ നാം മനസ്സിലാക്കുന്നില്ല എന്നുമാത്രം.

ദൈവത്തിൽനിന്നു ലഭിക്കുന്ന സന്ദേശങ്ങൾ കൃത്യതയോടെ രാജാക്കന്മാരോടും പുരോഹിതന്മാരോടും ജനതകളോടും ശക്തമായ ഭാഷയിൽതന്നെ അവർ പറയുമായിരുന്നു. ഏതു പ്രതികൂല സാഹചര്യങ്ങളിലും സഹനം ഏറ്റെടുത്തും അവരുടെ ദൈവീകശബ്ദം ഉയർന്നിരുന്നു. 2 സാമുവൽ 12:1–12 വരെയുള്ള ഭാഗത്ത് നാഥാൻ പ്രവാചകൻ എത്ര ശക്തമായ ഭാഷയിലാണ് രാജാവായ ദാവീദിനെ അവൻ ചെയ്ത തെറ്റ് ബോധ്യപ്പെടുത്തി കൊടുത്തത്. പ്രവാചകനോടു ഒട്ടും അപ്രിയം തോന്നാത്ത തരത്തിൽ കാര്യകാരണങ്ങൾ സഹിതം രാജാവിന്റെ മുമ്പിൽ പ്രവാചകനെ ശക്തിപ്പെടുത്തിയത് പരിശുദ്ധാത്മാവുതന്നെയാണ്. ദാവീദിനെ തിരുത്താനും നേരായ മാർഗത്തിലേക്കു നയിക്കാനും പ്രവാചകനു സാധിച്ചു.

ദാനിയേൽ 13:44–46 വരെയുള്ള ഭാഗത്ത് നാം വായിക്കുന്നു: "കർത്താവ് അവളുടെ നിലവിളി കേട്ടു. അവൾ കൊലക്കളത്തിലേക്കു നയിക്കപ്പെട്ടപ്പോൾ ദാനിയേലെന്നു പേരുള്ള ഒരു ബാലന്റെ പരിശുദ്ധമായ ആത്മാവിനെ കർത്താവ് ഉണർത്തി. അവൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: ഇവളുടെ രക്തത്തിൽ എനിക്കു പങ്കില്ല". ദാനിയേൽ സൂസന്നയെന്ന ദൈവഭക്തയുടെ ദൈവത്താൽ നിയോഗിക്കപ്പെട്ട അഭിഭാഷകനാകുന്നു. എത്ര വിവേകപൂർവമാണ് ആ ബാലൻ, അവർ കള്ളസാക്ഷ്യമാണ് പറയുന്നതെന്ന് അവരുടെ വാക്കുകൊണ്ടുതന്നെ തെളിയിക്കുന്നത്. അവിടെ കൂടിയിരുന്ന ജനങ്ങൾ തന്നിൽ പ്രത്യാശ വയ്ക്കുന്നവരെ രക്ഷിക്കുന്ന ദൈവത്തെ സ്തുതിക്കുന്നതും നാം കാണുന്നു. എല്ലാ മഹത്വവും എന്നും എപ്പോഴും ദൈവത്തിനു മാത്രം. എന്തെന്നാൽ എല്ലാ അധികാരവും ശക്തിയും ദൈവത്തിൽനിന്ന്.

ജന്മപാപത്തോടെ ജനിക്കുന്ന നാമെല്ലാവരും ബലഹീനരാണ്. എല്ലാവരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ഇടറിയവരും തളർന്നവരും വീണവരുമാണ്. അതുകൊണ്ട് വളർന്നുവരുന്ന തലമുറകളെ സ്നേഹത്തോടെ അതിലും കൂടുതലായി കരുണയോടെ ചേർത്തുപിടിക്കാം. നാം അവരിലേക്ക് പകർന്നുകൊടുക്കുന്ന സ്നേഹവും കരുണയും അവരുടെ ചുറ്റുമുള്ളവരിലേക്ക് അവരും പകർന്നുകൊടുത്തുകൊള്ളും. ഒരു തിരിയിൽനിന്ന് ആയിരമായിരം തിരിനാളങ്ങളിലേക്ക് തീപകർന്ന് പടരട്ടെ. നമ്മുടെ മക്കൾ ദൈവാത്മാവിൽ ശക്തി പ്രാപിച്ച് ലോകം മുഴുവനെയും പ്രകാശിപ്പിക്കാൻ പറ്റുന്ന വിധത്തിൽ പ്രകാശഗോപുരങ്ങളാകട്ടെ. ദൈവകൃപകൊണ്ട് കുഞ്ഞുങ്ങളെ നിറയ്ക്കണമേയെന്ന് കണ്ണീരോടെ പ്രാർഥിക്കാം.

അനാവശ്യമായ ഉത്കണ്ഠയോ ഭയമോ വേണ്ട. 1 പത്രോസ് 5:6–7 വരെയുള്ള ഭാഗത്ത് വായിക്കുന്നു: "ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടത്തെ ഏൽപിക്കുവിൻ. അവിടന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്. നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ". വളരുന്ന തലമുറയ്ക്ക് മാതൃകയാകുംവിധം ജാഗരണത്തോടും ഉപവാസത്തോടും ദൈവസന്നിധിയിൽ കൈകൾ കൂപ്പാം. ദൈവം നമ്മളെ ഏൽപ്പിച്ച കുഞ്ഞുങ്ങളിലെ ദൈവാഗ്നിയെ കെടാതെ സൂക്ഷിക്കുന്ന ചിമ്മിനികളാകാം. ജോയേൽ 2:28–ൽ ഇപ്രകാരം വായിക്കുന്നു: "അന്ന് ഇങ്ങനെസംഭവിക്കും: എല്ലാവരുടെയുംമേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും; യുവാക്കൾക്കു ദർശനങ്ങൾ ഉണ്ടാവും". ഈ പ്രവചനം ഈ കാലഘട്ടത്തിൽതന്നെ സംഭവിക്കാൻ നമുക്ക് പ്രപഞ്ച സൃഷ്ടാവിനോട് പ്രാർഥിക്കാം.

## സാക്ഷ്യം



എനിക്ക് വൻകുടലിലുണ്ടായ ക്യാൻസറിന് പരിപൂർണമായ സൗഖ്യം ലഭിച്ചതിന് നന്ദി പറയാനായിട്ടാണ് ഞാൻ ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ ആന്തരികസൗഖ്യ ധ്യാനത്തിൽ പങ്കെടുക്കാനെത്തിയത്. എനിക്കു നടന്ന ആദ്യത്തെ ഓപ്പറേഷന്റെ സമയത്ത് പൾമനറി എംപോളിസം വന്നു ജീവൻ അപകടത്തിലായെങ്കിലും ദൈവം അതിൽ നിന്നും എന്നെ രക്ഷിച്ചു.രണ്ടാമതും ഓപ്പറേഷന് വിധേയപ്പെട്ടു. മലമൂത്രവിസർജനത്തിന് ബാഗ് ഉപയോഗിക്കേണ്ടിവന്നു. ശേഷം ബാഗ് മാറ്റുന്ന ഓപ്പറേഷന്റെ സമയത്ത് കുടൽ ഒട്ടിപ്പോയിരുന്നു. അതിന്റെ തടസ്സവും നീക്കി ദൈവം അനുഗ്രഹിച്ചു. ദൈവത്തിന്റെ പ്രത്യേക അനുഗ്രഹത്താൽ കുവൈറ്റിലുള്ള എന്റെ മൂത്ത മകൾക്ക് ഗവൺമെന്റ് സർവ്വീസിൽ ജോലി ലഭിച്ചു. യേശുവേ സ്തോത്രം യേശുവേ നന്ദി.

**തോമസ് എൻ. പി, ആലുവ**

## ഫ്രണ്ട്സ് ഓഫ് ചിറ്റൂർ

ആയിരക്കണക്കിന് യുവതീയുവാക്കൾ പതിവായി പങ്കെടുക്കുന്ന Abide ധ്യാനത്തിനുവേണ്ടി ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ താമസ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് 'ഫ്രണ്ട്സ് ഓഫ് ചിറ്റൂർ' എന്ന ധനശേഖരണ പദ്ധതി ഒരുക്കിയിരിക്കുന്നത്. ഇതിനായി ധനസഹായം ചെയ്യുന്നവർ പതിനായിരക്കണക്കിന് യുവതീയുവാക്കളുടെ ജീവിതനവീകരണത്തിന് നേരിട്ട് ഉപകരണമാവുകയാണ് ചെയ്യുന്നത്. ഇവരുടെ പ്രാർഥനാ നിയോഗങ്ങൾ ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനകളിലും ആരാധനകളിലും പ്രത്യേകം ഓർമിക്കുന്നതാണ്.

ഈ ശുശ്രൂഷയിൽ പങ്കാളികളായ എല്ലാവരുടേയും ജീവിതത്തിൽ "ദൈവശുശ്രൂഷ ചെയ്താൽ പ്രതിഫലമുണ്ട്" (തോബി. 4: 14) എന്ന തിരുവചനം പൂർത്തീകരിക്കപ്പെടുന്നതായി ധാരാളം പേർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ദൈവാനുഗ്രഹത്തിന്റെ ഈ സംരംഭത്തിലേക്ക് പ്രാർഥനാപൂർവം ഏവരേയും ക്ഷണിക്കുന്നു.

To Bank with us:
A/C Name : Chittoor Retreat Centre,
A/C No. : 357902010023524,
IFSC code : UBIN0535796
Bank : Union Bank, S.Chittoor

Our Patrons
**Cardinal Mar George Alencherry,**
**Mar Sebastian Adayanthrath,**
**Mar Jose Puthenveettil**

**Fr. Jose Uppani (Director)**

**SNEHASUSRUSHALAYAM**

S. Chittoor P.O., Kochi- 682 027, Kerala, India. Tel. : 9446040508, 0484-2432508
E-mail : mail@chittoordyanakendram.com

(ബാങ്ക് വഴി പണമയയ്ക്കുന്നവർ അതിനൊപ്പം പേര്, മേൽവിലാസം, അയച്ചതുകയെത്ര എന്നിവ ധ്യാനകേന്ദ്രം ഓഫീസിലേക്ക് ഫോൺ വഴിയോ, ഈ-മെയിൽ വഴിയോ, എസ്. എം. എസ്. വഴിയോ, എഴുത്തു വഴിയോ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു).

## സുവിശേഷവേലയ്ക്കായി ചിറ്റൂർ ധ്യാനകേന്ദ്രത്തിലേക്ക് സംഭാവന അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

ചിറ്റൂർ ധ്യാനകേന്ദ്രത്തിലേക്ക് ദശാംശമായോ സംഭാവനയായോ പണമയയ്ക്കുന്നവർ, ബാങ്കിലൂടെ ട്രാൻസ്ഫർ ചെയ്യുമ്പോൾ, താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ട് നമ്പറിൽ നിക്ഷേപിക്കുക

A/c Name : Director
Chittoor Retreat Centre
A/c No : 10750100181252,
IFSC : FDRL 0001075
FEDERAL BANK, PACHALAM

**(ബാങ്ക് വഴി പണമയയ്ക്കുന്നവർ അതിനൊപ്പം പേര്, മേൽവിലാസം, അയച്ച തുകയെത്ര എന്നിവ ധ്യാനകേന്ദ്രം ഓഫീസിലേക്ക് ഫോൺ വഴിയോ, ഈ- മെയിൽ വഴിയോ, എസ്.എം.എസ്. വഴിയോ, എഴുത്തു വഴിയോ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു).**

# ദുരിതങ്ങൾ എനിക്ക് ഉപകാരമായി

റോസ് പിങ്കി മരിയ

**നാം നിസ്സാരരെന്ന് കരുതിയവർ മാത്രമായിരുന്നു പ്രളയമുഖത്ത് ചങ്കുപറിച്ചുതന്ന് നമ്മുടെ ജീവൻ രക്ഷിക്കാൻ ഉണ്ടായിരുന്നത്. ദരിദ്രനെ സംരക്ഷിക്കേണ്ടത് നമ്മുടെതന്നെ സുരക്ഷയ്ക്ക് അത്യാവശ്യമാണെന്ന് പ്രളയം നമ്മെ പഠിപ്പിച്ചു. വെള്ളത്തിൽ മുങ്ങിമരിക്കാതെ ബോട്ടിൽ കയറി നമുക്ക് രക്ഷപ്പെടണമെങ്കിൽ 'ജെസൈലു'മാരുടെ മുതുകിന് ആരോഗ്യം വേണമല്ലോ?**

പ്രളയം വരുത്തിയ ദുരിതത്തിൽ നിന്നും നമ്മുടെ നാട് ഇനിയും തോർന്നിട്ടില്ല... എല്ലാറ്റിന്റെയും അവസാനമായി എന്ന് പലരും ചിന്തിച്ച പ്രളയത്തിന്റെ നാളുകൾ... കുത്തിയൊഴുകുന്ന പെരുവെള്ളത്തിന്റെ ഇരമ്പൽപോലെ ഇന്നും പേടിപ്പെടുത്തുന്നുണ്ട്.

കേരളം മുഴുവൻ ജലപ്രളയത്തിന്റെ ദുരിതത്തിൽപ്പെട്ടു; എങ്കിലും അതിനെ പ്രളയജലം എന്നു വിളിക്കാനല്ല, സ്നേഹജലം എന്ന് വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം. കാരണം പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ വ്യത്യാസമില്ലാതെ ജാതിയുടെയോ മതത്തിന്റെയോ വേർതിരിവില്ലാതെ വെള്ളം എല്ലാ മതിലുകളും തകർത്ത് പരന്നൊഴുകി. വേലികെട്ടി വേർ



തിരിച്ചവയെല്ലാം അത് ഒന്നാക്കി.

ഒരു കഷണം റൊട്ടിക്കും അല്പം ദാഹജലത്തിനുംവേണ്ടി ദരിദ്രനും കോടീശ്വരനും ഒരേ ക്യൂവിൽനിന്നു. ലക്ഷങ്ങൾ വിലവരുന്ന ആഡംബര കാർ ഉപേക്ഷിച്ച് കൊച്ചുവള്ളത്തിൽ രക്ഷപ്പെടുന്ന അതിസമ്പന്നരെയും നാം കണ്ടു. മുസ്ലീം സഹോദരന് ചോറു നല്കിയത് ഹൈന്ദവ സഹോദരി-അവർക്ക് ഉടുവസ്ത്രം നല്കിയത് ക്രിസ്ത്യാനി-അവന് അന്തിയുറങ്ങാൻ കിടക്കപ്പായ നല്കിയത് ഒരു മുസ്ലീം സഹോദരൻ. ഇതായിരുന്നു ദുരിതാശ്വാസ ക്യാമ്പുകളിലെ ഊഷ്മള സ്നേഹത്തിന്റെ വേറിട്ട കാഴ്ച്ചകൾ.

ഇതാണ് ശരിയായ മനുഷ്യർ... അടിസ്ഥാന ആവശ്യങ്ങൾമാത്രം നിറവേറ്റപ്പെടുമ്പോൾ അവർ പരസ്പരം സ്നേഹിച്ചും സഹായിച്ചും സഹവർത്തിത്വത്തോടെ ജീവിക്കുന്നു. എന്നാൽ, കൂടുതൽ സുഖസൗകര്യങ്ങൾ അവനെകൂടുതൽ സ്വാർഥനാക്കുന്നു. അതിന്റെ പാരമ്യത്തിൽ അവൻ സ്വന്തം സഹോദരങ്ങളെ മറക്കുന്നു. അവസാനം അമിതമായി കൂട്ടിവച്ചതും മതിൽകെട്ടി തിരിച്ചതുമെല്ലാം ഏതെങ്കിലും ദുരന്തങ്ങൾ കൊണ്ടുപോകുന്നു.

നാം നിസ്സാരരെന്ന് കരുതിയവർ മാത്രമായിരുന്നു പ്രളയമുഖത്ത് ചങ്കുപറിച്ചുതന്ന് നമ്മുടെ ജീവൻ രക്ഷിക്കാൻ ഉണ്ടായിരുന്നത്. ദരിദ്രനെ സംരക്ഷിക്കേണ്ടത് നമ്മുടെതന്നെ സുരക്ഷയ്ക്ക് അത്യാവശ്യമാണെന്ന് പ്രളയം നമ്മെ പഠിപ്പിച്ചു. വെള്ളത്തിൽ മുങ്ങിമരിക്കാതെ ബോട്ടിൽ കയറി നമുക്ക് രക്ഷപ്പെടണമെങ്കിൽ 'ജെയ്സെലു'മാരുടെ മുതുകിന് ആരോഗ്യം വേണമല്ലോ?

ഓഖിയും സുനാമിയും വന്നപ്പോൾ ആരും തിരിഞ്ഞുനോക്കാതിരുന്ന കടലോരമേഖലയിലെ മത്സ്യതൊഴിലാളികളാണ് ഒഴുക്കിനെതിരെ വള്ളങ്ങൾ പായിച്ച് നമ്മുടെ രക്ഷയ്ക്കെത്തിയത്. നന്ദിയുടെ ഒരു വാക്കിനു അവർ അർഹരായിരുന്നു. പുഞ്ചിരി നിറഞ്ഞൊരു നോട്ടം അവർക്ക് നല്കാമായിരുന്നു. പക്ഷെ, നമ്മുടെ ജീവൻ രക്ഷിക്കാൻ അവർ വീടിന്റെ മുകൾനിലയിൽ എത്തിയപ്പോൾ ബാക്കിയുള്ള സമ്പാദ്യവും കെട്ടിപ്പിടിച്ചിരുന്ന ചില മനുഷ്യർ അവരെ ചീത്തപറഞ്ഞ് ഓടിക്കുന്ന ദൃശ്യങ്ങൾ ചാനലുകളിലൂടെ കണ്ടപ്പോൾ എന്റെ കണ്ണു നിറഞ്ഞുപോയി.

പ്രളയത്തിന്റെ ദുരിതത്തിൽനിന്നും ഞാൻ കഷ്ടിച്ച് രക്ഷപ്പെട്ടത് ഇനിയുള്ള കാലം മറ്റുള്ളവർക്കുവേണ്ടി ബലിയാകാനാണ് എന്ന സത്യം ഞാൻ മനസ്സിലാക്കി. രക്ഷാപ്രവർത്തനത്തിനൊന്നും എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല. ദുരിതാശ്വാസ ക്യാമ്പുകളിൽ ചെറിയ ചെറിയ സഹായങ്ങൾ മാത്രമാണ് ചെയ്തത്. പ്രളയബാധിത പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങളിൽ സഹായിക്കാൻ എന്റെ മാതാപിതാകൾക്ക് ദൈവം അവസരം നല്കി.


മൂന്നുപേർ മാത്രമുള്ള എന്റെ വീട്ടിൽ പ്രളയകാലത്ത് കുട്ടനാട്ടിൽനിന്നും വന്ന 5 കുട്ടികൾ ഉൾപ്പെടെ 13 പേരുണ്ടായിരുന്നു. പരസ്പരം സ്നേഹിച്ചും സഹകരിച്ചും പങ്കുവച്ചും ഒരു കൂരയ്ക്കു കീഴിൽ ഉണ്ടും ഉറങ്ങിയും ഒന്നരമാസക്കാലം... ആ ജീവിതം പഠിപ്പിച്ച മഹത്തായ പാഠങ്ങൾ മറ്റൊരു പാഠപുസ്തകവും ഇന്നേവരെ എന്നെ പഠിപ്പിച്ചിട്ടില്ല. എല്ലാവരെയും സ്വീകരിച്ചും അവർക്കുവേണ്ട സൗകര്യമൊരുക്കിയും എന്റെ മാതാപിതാക്കൾ എനിക്ക് വലിയ മാതൃകയായി.

അവസാനം വീട്ടിലും വെള്ളമെത്തുമെന്ന മുന്നറിയിപ്പ്... ഞങ്ങൾ എന്റെ പിതാവിന്റെ പ്രിയ സ്നേഹിതന്റെ കൊച്ചുവീട്ടിലേക്ക്... അവിടെ 5 കുടുംബങ്ങൾ 4 നാൾ... ഭക്ഷണം ദുരിതാശ്വാസ ക്യാമ്പിൽനിന്നും... എല്ലാം എന്നും മധുരിക്കുന്ന ഓർമകൾ. പ്രളയക്കെടുതിയിൽ പെട്ടവർക്കുവേണ്ടി കുടുംബാംഗങ്ങൾ ഒരുമിച്ച് ദൈവസന്നിധിയിലേക്ക് കരങ്ങളുയർത്തി.

'തീയിൽ കുരുത്തത് വെയിലത്ത് വാടില്ല'. 'സ്വർണ്ണം അഗ്നിയിൽ ഉരുകുമ്പോൾ അത് കൂടുതൽ ശോഭയുള്ളതാകും'. ജലപ്രളയത്തിന്റെ ദുരിതങ്ങളിലൂടെ കടന്നുപോയ മലയാളി ഇനി ഏതു ദുരിതം വന്നാലും തളരാതെ മുന്നേറും... പ്രത്യാശയോടെ ജീവിക്കും.

ജാതിയുടെയും മതത്തിന്റെയും വേലിക്കെട്ടുകൾ തകർത്ത ആരും നിസ്സാരരല്ല എന്നു പഠിപ്പിച്ച ഈ ദുരിതം; ഉള്ളത് പങ്കുവയ്ക്കാനും പരസ്പരം സ്നേഹിക്കാനും പഠിപ്പിച്ച ഈ ദുരിതം; എല്ലാം ദൈവത്തിന്റെ ദാനമാണെന്ന് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തിയ ഈ ദുരിതം എനിക്ക് ഉപകാരമായി. 2019-ലേക്ക് കടക്കുമ്പോൾ പ്രാർഥനാപൂർവം സങ്കീർത്തകനോട് ചേർന്നു നമുക്കും ഏറ്റുപാടാം: "ദുരിതങ്ങൾ എനിക്ക് ഉപകാരമായി; അതുവഴി അങ്ങയുടെ ചട്ടങ്ങൾ ഞാൻ അഭ്യസിച്ചുവല്ലോ" (സങ്കീ 119/71).

## സാക്ഷ്യം



എന്റെ മകന്റെ ബൈക്കിടിച്ച് അപകടത്തിൽപെട്ട് കാലിന്റെ എല്ല് പൊട്ടുകയും ഞരമ്പിന് മുറിവേറ്റിട്ടുണ്ടെന്ന് ആശുപത്രിയിലായിരിക്കെ ഡോക്ടർ അറിയിക്കുകയും ചെയ്തു. ഓപ്പറേഷൻ വേണമെന്നും പറയുകയുണ്ടായി. ഓപ്പറേഷനുശേഷം ബ്ലഡ് സർക്കുലേഷൻ നടക്കണമെന്ന് ഡോക്ടർ പറഞ്ഞു. ഞാൻ ഇതു കേട്ടയുടനെ എന്റെ മകനെയും അപകടം പറ്റിയ മകനെയും സമർപ്പിച്ച് പ്രാർഥിച്ചു. യേശു എന്റെ മകനിൽ ഇടപെട്ടു. ഇപ്പോൾ സുഖമായിരിക്കുന്നു. യേശുവേ സ്തോത്രം യേശുവേ നന്ദി.

**നിഷ, കൂനമ്മാവ്**



Sr. സിൽവി C.P.S

# ശാന്തിതീരത്തേയ്ക്ക്

**അ**നുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഈ ലോകം ഭൗതികസമൃദ്ധികൾ കാൽക്കീഴിൽ അമർത്തി മുന്നോട്ടു കുതിക്കുകയാണ്. ആത്മീയലോകം അങ്ങേയറ്റം ദരിദ്രവും ദുഃഖകരവുമായ അവസ്ഥയിൽ അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ദ്രീയസുഖങ്ങളുടെ കൊടുമുടിയിൽ നിൽക്കുന്ന വേളയിലും ഒരുവന്റെ മനസ്സ് തൃപ്തവും സന്തോഷകരവുമല്ല. കടുത്ത മത്സരം നിറഞ്ഞ ഈ ലോകത്തിൽ പലതും വെട്ടിപ്പിടിക്കാൻ മനുഷ്യൻ ഓടുകയാണ്.




**കത്തുന്നതിനും ചൂടു നില്ക്കുന്നതിനും കൂട്ടാക്കാത്ത അഗ്നി ശോച്യമാണ്. അതുപോലെ ഓരോ തവണയും നമ്മുടെ കർത്തവ്യങ്ങൾ കൃതജ്ഞതയോടും സ്നേഹത്തോടും നിർവഹിക്കാതിരിക്കുമ്പോൾ നഷ്ടമാകുന്നത് നമുക്കാണ്.**

എല്ലാ രംഗത്തും സ്ഥാനമാനങ്ങളെ ചൊല്ലി കലഹിച്ചുകൊണ്ടിരിക്കുന്ന മനുഷ്യ ജീവിതങ്ങളാണു ചുറ്റുമുള്ളത്. മൂല്യങ്ങൾ വലിച്ചെറിഞ്ഞ് പ്രകടനപരതയുടെ ഒരു പുത്തൻ സംസ്ക്കാരമാണ് ഇന്നുള്ളത്. സന്തോഷവും സമാധാനവും അന്വേഷിക്കുന്നതിനിടയിൽ ഭൗതിക ഐശ്വര്യത്തിന്റെ പുതിയ നാഴികക്കല്ലുകളാണ് മനുഷ്യൻ തേടിയത്. സുഖാന്വേഷണങ്ങളുടെ പരക്കം പാച്ചിലിനിടയിലും മനുഷ്യൻ വളരെയധികം അസന്തുഷ്ടനായിക്കൊണ്ടിരിക്കുകയാണ്.

ജീവദായിയായ പ്രകാശരശ്മികൾ പ്രസരിപ്പിക്കാൻ സൂര്യൻ ഇല്ലെങ്കിൽ വലിയ അത്യാഹിതമായിരിക്കും. തന്റെ കൂട്ടിൽ മധു എത്തിക്കാത്ത തേനീച്ചയെക്കൊണ്ട് ഉപയോഗമില്ല. കത്തുന്നതിനും ചൂടു നില്ക്കുന്നതിനും കൂട്ടാക്കാത്ത അഗ്നി ശോച്യമാണ്. അതുപോലെ ഓരോ തവണയും നമ്മുടെ കർത്തവ്യങ്ങൾ കൃതജ്ഞതയോടും സ്നേഹത്തോടും നിർവഹിക്കാതിരിക്കുമ്പോൾ നഷ്ടമാകുന്നത് നമുക്കാണ്.

പഞ്ചേന്ദ്രീയങ്ങൾ ബാഹ്യലോകത്തേയ്ക്കുള്ള അഞ്ചു ജനാലകളാണ്. മനുഷ്യൻ സുഖഭോഗങ്ങൾക്കുവേണ്ടി ഇന്ദ്രിയങ്ങളെ ദുരുപയോഗപ്പെടുത്തുന്നു. സപ്തവർണ്ണ ശോഭയുള്ള ഒരു മഴവില്ലിന്റെ ഉറവിടം പ്രകാശത്തിന്റെ ഒരു ശുദ്രകിരണമാണ്. എന്നിരുന്നാലും, ആകാശത്തിൽ മേഘജാലകങ്ങൾക്കിടയിൽ തെളിയുന്ന ഈ സപ്തവർണ്ണങ്ങൾ അതിസുന്ദരവും ആനന്ദദായകവുമാണ്.

ടെലിവിഷനും കമ്പ്യൂട്ടറും ഉൾപ്പെടുന്ന ദൃശ്യമാധ്യമങ്ങൾ ഒരുക്കുന്ന നയനവിരുന്നു പലരെയും തെറ്റായി സ്വാധീനിക്കുന്നുണ്ട്. നല്ലതുമാത്രം ഉൾക്കൊള്ളുന്ന പക്വത നാം ആർജ്ജിക്കുമ്പോൾ മാത്രമാണ് മനസ്സിനെ നന്മയിൽ വളർത്താനും ശാന്തികരമാക്കാനും സാധിക്കൂ. ജീവിത സുഖങ്ങളുടെ ഒഴുക്കിനൊപ്പം നീങ്ങുന്നതു കാലത്തിന്റെ സ്വഭാവം. എന്നാൽ, മനുഷ്യജന്മത്തിന്റെ വിലപ്പെട്ട സമ്പത്തു മനഃശാന്തിയാണ്. ആ ശാന്തതീരത്തേയ്ക്കാണ് നാം നടന്നടുക്കേണ്ടത്.


**ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ**

## കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥപഠനം

**ഒന്നിടവിട്ട ഞായറാഴ്ചകൾതോറും ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 വരെ**

**നയിക്കുന്നത് ഫാ. ജോസ് ഉപ്പാണി**

**"മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ"** *(ലൂക്കാ 18:8)*

ക്രിസ്തീയ വിശ്വാസം അതിന്റെ പൂർണതയിൽ ജീവിക്കാനാകണമെങ്കിൽ ക്രൈസ്തവവിശ്വാസ സംഹിതകൾ സമഗ്രമായി മനസ്സിലാക്കുക അനിവാര്യമാണ്. ഇതിനുള്ള മാർഗം കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പഠനവിധേയമാക്കുക എന്നതാണ്.

ബനഡിക്ട് പതിനാറാമൻ പാപ്പായുടെ ഉപദേശം ശ്രദ്ധേയമാണ്: "ഈ മതബോധനഗ്രന്ഥം ആവേശത്തോടും സ്ഥിരോത്സാഹത്തോടുംകൂടെ പഠിക്കുക. വിലയേറിയ സമയം ഇതിനായി ബലിയർപ്പിക്കുക. പഠനസംഘങ്ങളും നെറ്റുവർക്കുകളും രൂപപ്പെടുത്തി വിശ്വാസം പങ്കുവയയ്ക്കുക".

പാപ്പാ തുടരുന്നു: "നിങ്ങൾ എന്തു വിശ്വസിക്കുന്നുവെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. ഒരു ഐടി സ്പെഷ്യലിസ്റ്റ് കംപ്യൂട്ടറിന്റെ ആന്തരികപ്രവർത്തനങ്ങൾ അറിയുന്നതുപോലുള്ള കൃത്യതയോടെ നിങ്ങളുടെ വിശ്വാസം നിങ്ങൾ അറിഞ്ഞിരിക്കണം. അതെ, നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളുടെ തലമുറയെക്കാൾ കൂടുതൽ ആഴത്തിൽ വിശ്വാസത്തിൽ വേരുറച്ചവരാകണം. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളും പ്രലോഭനങ്ങളും ശക്തിയോടും ദൃഢനിശ്ചയത്തോടുംകൂടെ കൈകാര്യംചെയ്യാൻ നിങ്ങൾക്കു കഴിവുണ്ടാകാനാണത്" (ബനഡിക്ട് പതിനാറാമൻ പാപ്പാ)

ഒന്നിടവിട്ട ഞായറാഴ്ചകൾതോറുമുള്ള കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥപഠനത്തിൽ സ്ഥിരോത്സാഹത്തോടെ പങ്കുചേരാൻ സന്നദ്ധരായ ഏവരെയും സ്വാഗതം ചെയ്യുന്നു.

**അടുത്ത യോഗങ്ങൾ :** 2019 ജനുവരി 6ന്
2019 ജനുവരി 20ന്

**ഫാ. ജോസ് ഉപ്പാണി**
ഡയറക്ടർ, ചിറ്റൂർ ധ്യാനകേന്ദ്രം

# ആരാണ് നമുക്കുവേണ്ടി പോവുക



ബിജു ജോൺ

> മറ്റൊരു
> തടസ്സവാദമാണ് തിര
> നിന്നിട്ട് കടലിൽ പോകാം
> എന്നു പറയുന്നതുപോലെ എന്റെ
> ജീവിതപ്രശ്നങ്ങൾ എല്ലാം തീർന്നിട്ട്
> ഞാൻ നിനക്കുവേണ്ടി പോകാം.
> ഒരിക്കലും പോകേണ്ടി വരികയില്ല.
> കാരണം ഒരു തിരപോയാൽ
> മറ്റൊന്നു വരും.
> ഒരു പ്രശ്നം
> പോയാൽ മറ്റൊന്ന്.

"അതിനുശേഷം കർത്താവ് അരുളിചെയ്യുന്നത് ഞാൻ കേട്ടു. ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു. ഇതാ ഞാൻ എന്നെ അയച്ചാലും" (ഏശയ്യ 6:8).

ഇറങ്ങാൻ പറഞ്ഞതുകൊണ്ട് ചെയ്യേണ്ട ഒന്നല്ല സുവിശേഷവേല. ക്രിസ്തുവിന്റെ സ്നേഹം, ക്രിസ്തുവിനോടുള്ള സ്നേഹം നിർബന്ധിക്കുന്നതുകൊണ്ട് ചെയ്യേണ്ടതാണ് സുവിശേഷവേല. ഇല്ലെങ്കിൽ പെട്രോൾ തീർന്ന് വഴിയിൽ കിടക്കുന്ന വണ്ടി പോലെയാകും നിന്റെ സുവിശേഷവേല. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നു: പിതാവിനും പുത്രനും അവരുടെ സ്നേഹത്തിന്റെ ആത്മാവിലുള്ള കൂട്ടായ്മയിൽ മനുഷ്യനെപങ്കുകാരാക്കുക എന്നതല്ലാതെ മറ്റൊന്നല്ല പ്രേഷിതദൗത്യത്തിന്റെ ആന്തരിക ലക്ഷ്യം. ഈ സ്നേഹത്തിന്റെ കൂട്ടായ്മയിൽ പങ്കുകാരാക്കുകയെന്ന പ്രേഷിതവേലയുടെ ആത്യന്തിക ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവർ നയിക്കപ്പെടേണ്ടതും ഇതേ സ്നേഹത്തിലായിരിക്കണം. ദൈവം പാപത്തിൽനിന്ന് എന്നെ വിശുദ്ധീകരിച്ചത്, തന്റെ ആത്മാവിനെ തന്ന് എന്നെ ശക്തിപ്പെടുത്തുന്നത് ദൈവത്തിന് എല്ലാ മനുഷ്യരോടുമുള്ള സ്നേഹത്തിന്റെ സാക്ഷിയും പ്രഘോഷകനുമാക്കാൻ വേണ്ടിയാണ്. ചുരുക്കിപ്പറഞ്ഞാൽ ഏശയ്യ 6:6-7: "അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽനിന്ന് കൊടിൽ



കൊണ്ട് എടുത്ത ഒരു തീക്കനലുമായി എന്റെയടുത്തേക്കു പറന്നുവന്നു. അവൻ എന്റെ അധരങ്ങളെ സ്പർശിച്ചിട്ടു പറഞ്ഞു: ഇതാ നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു. നിന്റെ മാലിന്യം നീക്കപ്പെട്ടു. നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു". എന്തിനുവേണ്ടി? ഏശയ്യയെ അയക്കാൻ വേണ്ടി. അതുപോലെ സുവിശേഷ വേലക്കുവേണ്ടി നിന്നെയും അയക്കാനാണ് വിശുദ്ധീകരിച്ചത്. പലപ്പോഴും സുവിശേഷവേലക്ക് എതിരായ ഒരു വാദമുഖമാണ് ദൈവം എന്നോട് സുവിശേഷ വേലക്ക് ഇറങ്ങാൻ പറയട്ടെ, അപ്പോൾ ഞാൻ ഇറങ്ങാം. എന്നാൽ ലോകകാര്യങ്ങളുടെ കാര്യത്തിൽ കർത്താവ് വിളിക്കാത്തതുകൊണ്ട്, പറയാത്തതുകൊണ്ട് ഞാൻ വീടു പണിയില്ല, സ്ഥലം വാങ്ങുന്നില്ല, വണ്ടി വാങ്ങുന്നില്ല എന്നു പറയുന്നവരെ കണ്ടെത്തുക പ്രയാസം. എന്നാൽ സുവിശേഷവേലയുടെ കാര്യത്തിൽ നമ്മളിൽ ഭൂരിപക്ഷവും ഇങ്ങനെ തന്നെ. ഇവിടെ ഏശയ്യ പ്രവാചകന്റെ മനോഭാവം നോക്കാം: "ആരെയാണ് ഞാൻ അയക്കുക? ആരാണ് നമുക്കു വേണ്ടി പോവുക". ഇവിടെ ദൈവം ആരോടും പോകാനായി പറയുന്നില്ല. ദൈവം തന്റെ മനോഗതം വെളിവാക്കുമ്പോൾ ഏശയ്യയാണ് അതിനുവേണ്ടി ആദ്യ ചുവടുവയ്ക്കുക. ഞാൻ തയ്യാറാണ് എന്നു പറയുന്ന പ്രവാചകനോട് പോകാൻ കർത്താവ് ആവശ്യപ്പെടുന്നു.

മറ്റൊരു തടസ്സവാദമാണ് തിര നിന്നിട്ട് കടലിൽ പോകാം എന്നു പറയുന്നതുപോലെ എന്റെ ജീവിതപ്രശ്നങ്ങൾ എല്ലാം തീർന്നിട്ട് ഞാൻ നിനക്കുവേണ്ടി പോകാം. ഒരിക്കലും പോകേണ്ടി വരികയില്ല. കാരണം ഒരു തിരപോയാൽ മറ്റൊന്നു വരും. ഒരു പ്രശ്നം പോയാൽ മറ്റൊന്ന്.

'വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക; മറ്റുള്ളവരിൽ ബോധ്യം ജനിപ്പിക്കുകയും അവരെ ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക; ക്ഷമ കൈവിടാതെയും പ്രബോധനത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക'. ഇവിടെ നാം തിരിച്ചറിയേണ്ട കാര്യം ക്രിസ്തുവിനെ പ്രഘോഷിക്കാൻ അവിടത്തെ വചനത്തിന്റെ സാക്ഷികളാക്കാൻ വേണ്ടിയാണ് നാം ക്രിസ്ത്യാനികളായിരിക്കുന്നതുതന്നെ. അതു നമ്മുടെ കടമയാണ്. സത്യം ഇതാണെങ്കിലും ഈ പ്രവൃത്തി നാം സ്നേഹത്തിൽനിന്നാണ് ചെയ്യേണ്ടത്. ഇതാണ് ആദിമസഭ നമ്മെ പഠിപ്പിക്കുന്നത്. സുവിശേഷത്തെപ്രതി കഠിനമായ പീഡനങ്ങൾ ഉണ്ടായപ്പോൾ, ചിതറിക്കപ്പെട്ടപ്പോൾ വിശ്വാസികൾ ആ പീഠനത്തിലും ചെയ്ത വളരെ ശ്രദ്ധേയമായ കാര്യം അപ്പസ്തോല പ്രവർത്തനം 8:4-ൽ പറയുന്നു: "ചിതറിക്കപ്പെട്ടവർ, വചനം പ്രസംഗിച്ചുകൊണ്ടു ചുറ്റിസഞ്ചരിച്ചു". ക്രിസ്തുവിനോടുള്ള സ്നേഹം, തങ്ങൾ അറിഞ്ഞ സത്യം മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടിയുള്ള തീക്ഷ്ണത, ഇതാണ് അവരെ നയിച്ചത്. "ദൈവത്തിന് എല്ലാ മനുഷ്യരോടുമുള്ള സ്നേഹത്തിൽനിന്നാണ് സഭ ഓരോ കാലഘട്ടത്തിലും തന്റെ പ്രേഷിത ചൈതന്യത്തിന്റെ ശക്തി സ്വീകരിക്കുന്നത് (കത്തോലിക്കസഭയുടെ മതബോധനഗ്രന്ഥം 851).

നമുക്ക് ആദ്യകാല കരിസ്മാറ്റിക് ധ്യാനങ്ങളെക്കുറിച്ച് ഒന്ന് ചിന്തിക്കാം. ശ്രദ്ധേയമായ നവീകരണ മുന്നേറ്റം നടന്ന ഒരു സ്ഥലമാണ് വിൻസെൻഷ്യൻ സഭയുടെ ഡിവൈൻ ധ്യാന കേന്ദ്രം. 22 വർഷങ്ങൾക്കുമുമ്പ് ഞാനും അവിടെ ഒരു ധ്യാനത്തിൽ പങ്കെടുത്തിട്ടുണ്ട്. ആ ദിവസങ്ങളിൽ നടന്നതൊന്നും ഓർമയിൽ ഇല്ല. എന്നാൽ ഞാൻ ധ്യാനിക്കാൻ പോയ ബസ്സും അതിൽ നടന്ന സംഭവങ്ങളും ആളുകളെ വീടുകളിൽ പോയി കണ്ട് ധ്യാനാനുഭവം പങ്കുവച്ച് ധ്യാനത്തിലേക്ക് കൂട്ടികൊണ്ടുപോകുന്ന ആ സഹോദരന്റെ ജീവിത സാക്ഷ്യവും എന്റെ മനസ്സിൽ പച്ചകെടാതെ ഇന്നും ഉണ്ട്. അതായിരുന്നു നവീകരണത്തെക്കുറിച്ചുള്ള അറിവും അനുഭവവും. ആദ്യകാലങ്ങളിൽ ധ്യാനം കൂടിയിറങ്ങുന്നവരുടെ തീക്ഷ്ണതയും അനുഭവം പങ്കുവയ്ക്കലുമായിരുന്നു അനേകരെ ക്രിസ്തുവിലേക്ക് നയിച്ചത്. ആരെന്നുള്ള വ്യത്യാസമില്ലാതെ ക്രിസ്തുവിനെ പങ്കുവച്ചതുകൊണ്ട് അനേകം അക്രൈസ്തവർ ക്രിസ്തുവിനെ അറിഞ്ഞു. ക്രിസ്തുവിനും അവന്റെ ജീവദായകമായ വചനത്തിനും, അവന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നവരുടെ ഇടയിൽ അവൻ പ്രവർത്തിക്കുന്ന അത്ഭുതങ്ങൾക്കും കുറവു വന്നിട്ടില്ല. മാറ്റം വന്നതും മാറിപ്പോയതും ഞാനും നിങ്ങളുമാണ്. സുവിശേഷവേല ഏതാനും പേരുടെമാത്രം വിളിയായി നാം മാറ്റിവച്ചു. ധ്യാനം കൂടുന്നതുപോലും കാര്യസാധ്യതക്കായിമാറി കാര്യങ്ങൾ പെട്ടെന്നു നടക്കുന്ന വിധത്തിലുള്ള ചടങ്ങുകൾ ഉള്ള പ്രാർഥനാസ്ഥലങ്ങളിലേക്ക് നാം ഓടിക്കൂടുന്നു. അവർ പറയുന്ന കാര്യങ്ങൾ എന്തു ത്യാഗം ഏറ്റെടുത്തും നടത്തുന്നു. ശരിയായ മാനസാന്തരത്തിലേക്കും വിശുദ്ധ ജീവിതത്തിലേക്കും സുവിശേഷ വേലയിലേക്കും നയിക്കാത്ത ഇത്തരം ചടങ്ങുകൾ പരിശുദ്ധാത്മാവിന്റെ ശുശ്രൂഷകളാണോയെന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. കാരണം, ആദിമസഭയിൽ ക്രിസ്തുവിനെ അറിഞ്ഞവർ ഒന്നും പ്രതീക്ഷിക്കാതെ ക്രിസ്തുവിനെ പ്രഘോഷിക്കുന്നവരും ഈ ലോകത്തിലെ ഒന്നും നേടാതെ നിത്യജീവൻ മാത്രം പ്രതീക്ഷിച്ച് ക്രിസ്തുവിന് വേണ്ടി രക്തസാക്ഷികളായവരുന്നു.

സഹോദരങ്ങളെ, ഈ പുതിയ വർഷത്തിൽ നമുക്ക് കർത്താവുതന്ന ആയുസ്സും എല്ലാ ദാനങ്ങളും അവനു കൊടുക്കാം. സുവിശേഷവേല ചെയ്യുക എന്ന മാമ്മോദീസായിലെ ദൗത്യം ശരിയായി വിനിയോഗിക്കാം. "ഒരുവൻ എല്ലാവർക്കും വേണ്ടി മരിച്ചുവെന്നും അതിനാൽ എല്ലാവരും മരിച്ചുവെന്നും ഞങ്ങൾക്കു ബോധ്യമുള്ളതിനാൽ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു" (2 കൊറി 5:14).

ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിതരായി നമ്മുടെ കർത്താവിനോട് നമുക്ക് പറയാം: 'എന്നെ അയയ്ക്കുക ഞാൻ നിനക്കായി പോകാം'.

# ഹൃദയത്തിന്റെ നിറവിൽ



ലില്ലി രാജു

**ജീ**വിതം എത്രയോ ഹ്രസ്വമാണ്. നാലുമണിപൂവിനെപ്പോലെ പൊടുന്നനെ കടന്നുപോകുന്ന ജീവിതങ്ങളാണല്ലോ നമ്മുടേത്. പൂക്കളെല്ലാം എത്രയോ നയനമനോഹരമാണ്. ചുരുങ്ങിയ ദിനങ്ങളെ ശേഷിക്കുന്നതെങ്കിലും തങ്ങളുടെ ജീവിതംകൊണ്ട് നന്മയൊത്തിരി നൽകി കടന്നുപോകുന്നവ.

വചനങ്ങളാകുന്ന പൂക്കൾ എക്കാലവും നമ്മുടെ ഹൃദയക്കോണിൽ സുഗന്ധം പരത്തി നിൽക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് നയിച്ച ഒരനുഭവം ഞാൻ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

ഞാൻ ജോലി ചെയ്യുന്നത് ഒരു കോൺവെന്റ് സ്കൂളിലാണ്. അതിനോട് ചേർന്ന് നിത്യാരാധനചാപ്പലുണ്ട്. ഒഴിവുസമയമെല്ലാം ഞാൻ അവിടെപോയിരുന്ന് ആരാധന നടത്താറുണ്ട്. ദിവ്യകാരുണ്യനാഥൻ എന്നെ വളരെയേറെ അനുഭവങ്ങളിലൂടെ നയിച്ച വർഷങ്ങളായിരുന്നു അവ. എന്നും രാവിലെ ദൈവവചനം വായിക്കുന്ന ഒരു നല്ല പതിവ് ഈശോ എനിക്കും തന്നിട്ടുണ്ട്. ഒരുദിവസം എനിക്കു കിട്ടിയ വചനം ലൂക്കാ 4-ാം അധ്യായമാണ്. അതിൽ 5,6 വാക്യങ്ങൾ നാം ഇങ്ങനെ വായിക്കുന്നു: "പിശാച് അവനെ ഒരു ഉയർന്ന സ്ഥലത്തേക്ക് കൊണ്ടുപോയി. ഭൂമിയിലെ സകല രാജ്യങ്ങളും ക്ഷണനേരംകൊണ്ട് അവന് കാണിച്ചുകൊടുത്തു. പിശാച് അവനോട് പറഞ്ഞു; ഇവയുടെമേൽ എല്ലാ അധികാരവും മഹത്വവും നിനക്കു ഞാൻ തരാം. ഇതെല്ലാം എനിക്ക് നല്ക

**ദൈവത്തോടുപോലും നുണ പറയാൻ ധൈര്യം കാണിക്കുന്ന പിശാച് പാപികളും ബലഹീനരുമായ നമ്മെ എത്രമാത്രം വഞ്ചിക്കുമെന്ന് നമുക്ക് അല്പം ചിന്തിക്കാം. പൊതുവേ കാണുന്ന സ്വഭാവം കുട്ടികളിലും മുതിർന്നവരിലും നുണ പറയുന്ന ശീലമാണ്. ചതിയനും വഞ്ചകനുമായ പിശാച് ഒരു ചെറിയ നുണ പറഞ്ഞാൽ കുഴപ്പമൊന്നുമില്ല എന്ന തെറ്റായ ബോധ്യം നൽകി ഇന്ന് നമ്മെ കീഴടക്കുകയാണ്.**



ക്കുന്നു. എനിക്ക് ഇഷ്ടമുള്ളവർക്ക് ഞാൻ ഇത് കൊടുക്കുന്നു. നീ എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിന്റേതാകും". ഈ വചനങ്ങൾ എന്നെ വല്ലാതെ ചിന്തിപ്പിച്ചു. ഞാൻ ഇങ്ങനെ ചിന്തിച്ചു; പിശാച് യേശുവിനോട് പറയുന്നു: ഭൂമിയിലെ സകല രാജ്യങ്ങളുടെയുംമേൽ എനിക്കാണ് അധികാരം. ഞാൻ ഇവയെല്ലാം നിനക്കുതരാം. നീ എന്നെ ആരാധിച്ചാൽ മതി എന്ന്. ഈ ലോകവും അതിന്റെ മഹത്വവും അധികാരവുമെല്ലാം പിശാചിന്റേതാണോ? അങ്ങനെയെങ്കിൽ ഈ ലോകം തന്നെ പിശാചിന്റേതാണെങ്കിൽ നമുക്ക് എന്താണ് ഒരു രക്ഷയുള്ളത്. അപ്പോൾ ഈശോയ്ക്ക് ഒരധികാരവും ലോകത്തിന്മേലില്ലേ? അപ്പോൾ അധികാരവും മഹത്വവും ഒന്നും ഏറ്റെടുക്കാൻ പാടില്ലേ? ചിന്തകൾ എന്നെ മഥിക്കാൻ തുടങ്ങി. സ്കൂളിലെത്തിയിട്ടും ഈ ചിന്ത എന്നെ അലട്ടാൻ തുടങ്ങി. ഒഴിവുസമയത്ത് ഞാൻ അല്പസമയം ദിവ്യകാരുണ്യ സന്നിധിയിലിരുന്ന് പ്രാർഥിച്ചു. ഈശോ എന്റെ മനസ്സിൽ വ്യക്തമാക്കിതന്നത് 'നീ എന്തിനാണ് പിശാചിനെ വിശ്വസിക്കുന്നത്. അവൻ നുണ പറഞ്ഞതാണ്. അവൻ ആദിമുതലേ നുണയനും നുണയന്റെ പിതാവുമാണ്. പിശാചിനെ ഇത്രസമയം വിശ്വസിച്ചുപോയതിൽ ഞാൻ ഈശോയോട് മാപ്പു ചോദിച്ചു.

എന്റെ സഹോദരരെ ദൈവത്തോടുപോലും നുണ പറയാൻ ധൈര്യം കാണിക്കുന്ന പിശാച് പാപികളും ബലഹീനരുമായ നമ്മെ എത്രമാത്രം വഞ്ചിക്കുമെന്ന് നമുക്ക് അല്പം ചിന്തിക്കാം. ഇന്ന് പൊതുവേ കാണുന്ന സ്വഭാവം കുട്ടികളിലും മുതിർന്നവരിലും നുണ പറയുന്ന ശീലമാണ്. ചതിയനും വഞ്ചകനുമായ പിശാച് ഒരു ചെറിയ നുണ പറഞ്ഞാൽ കുഴപ്പമൊന്നുമില്ല എന്ന തെറ്റായ ബോധ്യം നൽകി ഇന്ന് നമ്മെ കീഴടക്കുകയാണ്. ഓരോ ദിവസവും സത്യം മാത്രമേ പറയൂ എന്ന ബോധ്യം ബോധപൂർവം നമ്മിലും നമ്മുടെ മക്കളിലും വളർത്തിയെടുക്കേണ്ടതിന്റെ വലിയൊരു ആവശ്യകത ഇന്ന് ക്രിസ്തു അനുയായികൾ എന്ന് പറയുന്ന നമുക്ക് ഓരോരുത്തർക്കുമുണ്ട്. "നാവ് ചെറിയൊരു അവയവമാണ്, എങ്കിലും അതിന് ദുഷ്ടതയുടെ ഒരു ലോകം തന്നെ സൃഷ്ടിക്കാൻ സാധിക്കും. നുണ വികൃതമായ കറയാണ്; അജ്ഞന്റെ അധരത്തിൽ അത് എപ്പോഴും കാണും. കള്ളൻ നുണയനെക്കാൾ ഭേദമാണ്; രണ്ടുപേരുടെയും വിധി നാശം തന്നെ" (പ്രഭാ 20:24-25).

പുതുവത്സരത്തെ വരവേൽക്കാൻ ഒരുങ്ങുന്ന നമുക്ക് നുണ പറയുന്ന ശീലത്തെ നമ്മിൽനിന്നകറ്റാം. "ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്" (ലൂക്കാ 6:46). അതിനാൽ ഹൃദയവിശുദ്ധിയോടെ ജീവിക്കാൻ, മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

ക്രിസ്തു ചൈതന്യത്തിന്റെ നിറവാകട്ടെ പുതുവർഷം.

## സാക്ഷ്യങ്ങൾ



എനിക്ക് വളരെ നാളായി മുടി കൊഴിച്ചിലുണ്ടായിരുന്നു. ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ ആന്തരികസൗഖ്യ ധ്യാനത്തിന്റെ രണ്ടാം ദിവസമായ ശനിയാഴ്ച്ച ആരാധനയുടെ സമയത്ത് മുടി കൊഴിച്ചിലുള്ള 4 പേരെ യേശു സുഖപ്പെടുത്തുന്നു എന്നു പറഞ്ഞു. എന്നാൽ അതിലൊരാൾ ഞാനാണെന്ന് ഉറപ്പാക്കിയാൽ സാക്ഷ്യപ്പെടുത്താമെന്നു തീരുമാനിച്ചു. ശേഷം ഡോർമിറ്ററിയിൽ ചെന്ന് മുടി ചീകിയപ്പോൾ ഒരു മുടിപോലും ചീർപ്പിലുണ്ടായിരുന്നില്ല. എന്റെ മുടി കൊഴിച്ചിൽ മാറ്റിതന്ന യേശുവിന് നന്ദിയും മഹത്വവും അർപ്പിക്കുന്നു.

**അനീറ്റ ജോസഫൈൻ, ചെല്ലാനം**




**ഞാൻ** രണ്ടാം പ്രാവശ്യമാണ് ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ ആന്തരികസൗഖ്യ ധ്യാനത്തിലേക്ക് കടന്നുവരുന്നത്. ആദ്യത്തെ തവണ എന്റെ ആന്തരിക മുറിവുകൾക്ക് സൗഖ്യം ലഭിച്ചു. അതുവഴി ഈശോ സഹനങ്ങൾ തന്നാലും അതിനെ നേരിടാനുള്ള കഴിവ് തരണമേയെന്നും പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ വിശ്വാസം വർധിപ്പിക്കണമേയെന്നുമാണ് പ്രാർഥിച്ചിരുന്നത്. നാലാം സെമസ്റ്റർ പരീക്ഷ എനിക്ക് വളരെയേറെ ബുദ്ധിമുട്ടായിരുന്നു. എന്നാൽ അദ്ഭുതകരമായി ഞാൻ പരീക്ഷയിൽ പാസ്സായി. ഇതെനിക്ക് വളരെയേറെ ആശ്ചര്യത്തോടെ മാത്രമേ നോക്കികാണാൻ സാധിക്കുകയുള്ളൂ. രണ്ടാമത്തെ തവണ അതായത് ഇപ്രാവശ്യത്തെ ധ്യാനത്തിലൂടെ കൗൺസിലിംഗ്, കുമ്പസാരം, വിശുദ്ധ കുർബാന എന്നിവ വളരെയേറെ അനുഭവവേദ്യമായി. 'ഈശോയെ എന്റെ സർവസ്വമേ അങ്ങേയ്ക്കായി ഞാൻ ദാഹിക്കുന്നു' എന്ന പാട്ടിന്റെ ഈരടികൾ വളരെയേറെ ആശ്വാസവും കുളിരും നല്കി. ജീവിതത്തിൽ നിസ്സാരമെന്ന് കരുതിയ പലതും കൗൺസിലിംഗിലൂടെ കർത്താവ് വെളിപ്പെടുത്തി. കുമ്പസാരത്തിൽ ആത്മാർഥമായി പശ്ചാത്തപിക്കാൻ സാധിച്ചു. വിശുദ്ധ കുർബാനയുടെ സമയത്തും ഒരു പ്രത്യേക സന്തോഷം ലഭിച്ചു. യേശുവേ സ്തോത്രം യേശുവേ നന്ദി.

**അമല ആന്റണി**

# ABIDE
## Testimonies

# എബൈഡ് സാക്ഷ്യങ്ങൾ



**ചിറ്റൂർ** ധ്യാനകേന്ദ്രത്തിലെ എബൈഡ് യുവജനധ്യാനത്തിൽ പങ്കെടുക്കാൻ വരുന്നതുവരെ എനിക്ക് മാനസികമായും ശാരീരികമായും ഒട്ടേറെ ബുദ്ധിമുട്ടുകളുണ്ടായിരുന്നു. കുറെയധികം ദുഃശീലങ്ങൾ നിറുത്തണമെന്ന് ആഗ്രഹം ഉണ്ടായിരുന്നെങ്കിലും അതിന് സാധിച്ചിരുന്നില്ല. എന്നാൽ ധ്യാനം കൂടിയതുവഴി എനിക്ക് ഇവയെല്ലാം ഉപേക്ഷിക്കാനുള്ള പ്രേരണയും ശക്തിയും ലഭിച്ചു. യേശുവേ സ്തോത്രം യേശുവേ നന്ദി.

**ജൊ**



**എന്റെ** +2 പഠനകാലശേഷം എനിക്ക് മൈഗ്രെയിൻ ഉണ്ടായിരുന്നു. കഠിനമായ തലവേദനമൂലം പഠിക്കാനൊന്നും സാധിക്കില്ലായിരുന്നു. 2014-ൽ ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ എബൈഡ് 4 യുവജനധ്യാനത്തിൽ പങ്കെടുത്തപ്പോൾ എന്റെ ഈ അസുഖം പൂർണ്ണമായും സൗഖ്യപ്പെട്ടിരുന്നു. അതികഠിനമായ മരുന്നു ഉപയോഗിച്ചിട്ടുപോലും മാറാതിരുന്ന എന്റെ മൈഗ്രെയിൻ കർത്താവ് മാറ്റിതന്നു. എന്നാൽ എബൈഡ് 37 കൂടുന്നതിനു ഒരാഴ്ച്ചമുമ്പ് എനിക്ക് തലവേദന ആരംഭിച്ചു. എന്നാൽ ധ്യാനത്തിൽ സംബന്ധിക്കവേ എല്ലാ ബുദ്ധിമുട്ടുകളും മാറ്റിതരണമേയെന്നു പ്രാർഥിച്ചതിന്റെ ഫലമായി എനിക്ക് കർത്താവ് സൗഖ്യം നല്കി അനുഗ്രഹിച്ചു. യേശുവേ സ്തോത്രം യേശുവേ നന്ദി.

**ജിസ്മി ജോസ്**



**എന്റെ** വലതുകണ്ണിൽ നിന്നും എപ്പോഴും വെള്ളം വരുന്ന പ്രശ്നമുണ്ടായിരുന്നു. എബൈഡ് യുവജനധ്യാനത്തിൽ പങ്കെടുത്ത് വിശ്വാസപ്രമാണം ചൊല്ലി പ്രാർഥിച്ചതിന്റെ ഫലമായി ഈശോ എന്റെ ബുദ്ധിമുട്ട് എടുത്തുമാറ്റി. കൂടാതെ മറ്റെല്ലാ ആസക്തികളിൽനിന്നും വിടുതൽ ലഭിക്കുകയും അപ്പച്ചനോടുണ്ടായിരുന്ന വെറുപ്പ് ക്ഷമിക്കാൻ സാധിക്കുകയും ചെയ്തു. യേശുവേ നന്ദി യേശുവേ സ്തോത്രം.

**ജിക്സൻ**



**എനിക്ക്** പൊടിമൂലമുള്ള അലർജി കാരണം ആസ്ത്മ ഉണ്ടായിരുന്നു. ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ എബൈഡ് യുവജനധ്യാനത്തിൽ വിശുദ്ധ കുർബാനമധ്യേ എനിക്ക് നെഞ്ചിൽ പ്രയാസം തോന്നുകയും കൂദാശ വചനത്തിന്റെ സമയം കാസ ഉയർത്തിയപ്പോൾ വലിയൊരു സൗഖ്യം ലഭിക്കുന്നതായി അനുഭവപ്പെടുകയും ചെയ്തു. കൂടാതെ ഇഷ്ടമില്ലാത്ത കോളേജിൽ ചേർത്തതിൽ മാതാപിതാക്കളോടുണ്ടായിരുന്ന ദേഷ്യം ക്ഷമിക്കാൻ സാധിച്ചു. എല്ലാം നല്ലതിനുവേണ്ടിയാണെന്ന ബോധ്യവും ലഭിച്ചു. യേശുവേ സ്തോത്രം യേശുവേ നന്ദി

**ആൻ ലിസ് ബെൻ**

# കുട്ടികൾക്കുള്ള കത്ത്

ചിറ്റൂർ
2019 ജനുവരി

പ്രിയ കുട്ടികളെ,

നിങ്ങൾക്കെല്ലാവർക്കും സുഖമെന്ന് വിശ്വസിക്കുന്നു. ജനുവരി മാസം ഓർക്കുന്നില്ലേ.. പുതിയ വർഷത്തിലെ ആദ്യത്തെ മാസമാണ്. അതായത് 2018 എന്നന്നേയ്ക്കുമായി നമ്മെ കൈവിട്ടു അല്ലെങ്കിൽ നാം 2018-നെ കൈവിടുകയും 2019-നെ വാരിപുണരുകയും ചെയ്തു.

നിങ്ങളുടെ ഓരോരുത്തരുടെയും ജീവിതം ഒരു ചരിത്രമാണ്-ആ ചരിത്രം ഇന്നലെകളെ കൂട്ടിചേർക്കുന്നതാണ്. അങ്ങനെ നിങ്ങൾ 2018 വരെയുള്ള ചരിത്രം രചിച്ചു കഴിഞ്ഞു. അതൊന്നു തുറന്നു നോക്കാമോ. നിങ്ങൾ ചെയ്ത പല കാര്യങ്ങളും വീണ്ടും ഓർക്കാൻ പറ്റും. ചില മണ്ടത്തരങ്ങൾ, ദുഃഖിപ്പിക്കുന്ന ചില കാര്യങ്ങൾ, സന്തോഷിച്ച കാര്യങ്ങൾ, അഭിമാനിക്കേണ്ട കാര്യങ്ങൾ-വിരോധവും വികാരവും ഉണ്ടാക്കിയ കാര്യങ്ങൾ, നാണിപ്പിക്കുന്ന സംഭവങ്ങൾ അങ്ങനെ ഒരുപാട് സംഭവങ്ങൾ.

ഞാൻ പറഞ്ഞില്ലേ 2018 തീർന്നതോടെ അക്കാര്യങ്ങളും കടന്നുപോയി. ഒരു കാര്യം നിങ്ങൾ ചെയ്യണം-ആ ഓർമ്മകളിൽനിന്നും പുതിയ അനുഭവങ്ങൾ, പുതിയ ചിന്തകൾ, പുതിയ പ്രവർത്തികൾ കണ്ടെത്തി ജീവിക്കണം. എത്രകാലം ജീവിച്ചു എന്നതിനേക്കാളും ജീവിച്ചപ്പോൾ എന്തുചെയ്തു എന്നതാണ് പ്രധാനം. 2019-നെ വരവേറ്റ നിങ്ങൾക്ക് നവവത്സരാശംസകൾ നേരുന്നു. പുതിയ വർഷത്തിൽ ധാരമായ ദൈവാനുഗ്രഹം ഉണ്ടാകട്ടെ. നന്ദിയോടും സ്നേഹത്തോടുംകൂടെ മുന്നോട്ടു നടക്കാം.

ഒത്തിരി സ്നേഹത്തോടെ
ഞാളിയത്തച്ചൻ



# മലയാറ്റൂർ തീർഥാടനം

## ചിറ്റൂർ ധ്യാനകേന്ദ്രത്തിൽനിന്ന് മലയാറ്റൂർ കുരിശുമലവരെ
## കാൽനടയായി നടത്തുന്ന പരിഹാര പ്രാർഥന
## 2019 മാർച്ച് 5 ചൊവ്വ വൈകീട്ട് 4 മുതൽ മാർച്ച് 6 വിഭൂതിബുധൻ ഉച്ചവരെ

പ്രിയ ക്രിസ്തുശിഷ്യാ,

വലിയ നോമ്പിന്റെ സമൃദ്ധമായ കൃപ പ്രാപിക്കാനുള്ള ഉത്തമ വഴിയാണ് നോമ്പാരംഭത്തിൽ തന്നെ ചിറ്റൂർ ധ്യാനകേന്ദ്രത്തിൽനിന്ന് മലയാറ്റൂരേയ്ക്ക് നടത്തുന്ന സമൂഹ കാൽനട തീർഥാടനം.

എല്ലാവരുടെയും ജീവിത നവീകരണത്തിനായി യത്നിക്കുന്ന ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ സുവിശേഷവേലകളെ ശക്തിപ്പെടുത്താനുള്ള തീർഥാടനത്തിൽ പങ്കുചേരുന്ന ഓരോരുത്തരും പതിനായിരങ്ങളുടെ മാനസാന്തരമാണ് സാധിക്കുന്നത്. എണ്ണമില്ലാത്ത ആത്മാക്കളെയാണ് ഇതുവഴി അവർ രക്ഷിക്കുന്നത്. സ്വന്തം തെറ്റുകൾക്കും, നമ്മുടെ ദുർമാതൃകവഴി മറ്റുള്ളവർ ചെയ്ത അപരാധങ്ങൾക്കും നല്ലൊരു പരിഹാരമാർഗവുമാണിത്.

“നിങ്ങൾ ആദ്യം അവിടത്തെ രാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും” (മത്താ 6:33) എന്ന വാഗ്ദാനമനുസരിച്ച് ഈ തീർഥാടനത്തിൽ പങ്കെടുത്ത് ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ നിയോഗത്തിനായി പ്രാർഥിക്കുന്നവരെ അവരുടെ ജീവിതത്തിനാവശ്യമായ സർവ്വവിധ അനുഗ്രഹങ്ങളാലും ദൈവം സമ്പന്നരാക്കും.

വളരെയധികം പ്രാർഥിച്ചും ആത്മീയമായി ഒരുങ്ങിയും നടത്തുന്ന ഈ പരിഹാരാനുഷ്ഠാനത്തിൽ പങ്കുചേരാൻ സാധിക്കുന്നത് വലിയ ഭാഗ്യമാണ്. ഏവരേയും ക്ഷണിക്കുന്നു.

**സസ്നേഹം, ഉപ്പാണി അച്ചൻ**
ഡയറക്ടർ, ചിറ്റൂർ ധ്യാനകേന്ദ്രം

### പങ്കെടുക്കുന്നതിനുള്ള വ്യവസ്ഥകൾ

1. ഡിസംബർ 31-നുമുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അതിനു സാധിക്കാതെ പോകുന്നവർ ജനുവരി 15-നു മുമ്പെങ്കിലും രജിസ്റ്റർ ചെയ്തിരിക്കണം.
2. ജനുവരി 3,31 ഫെബ്രുവരി 28 തീയതികളിലെ ഏകദിന പ്രേഷിത ധ്യാനത്തിൽ പങ്കെടുക്കണം. അതിനു കഴിയാത്തവർ ജനുവരി 13,27 ഫെബ്രുവരി 10,24 തിയതികളിലെ ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള നാലു ഒരുക്കപ്രാർഥനകളിൽ നിർബന്ധമായി പങ്കെടുക്കണം.
3. ജനുവരി 1 മുതൽ നോമ്പുനോക്കി ദിനംപ്രതി ജപമാലയും കരുണക്കൊന്തയും ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ നിയോഗത്തിനായി സമർപ്പിക്കണം.
4. തീർഥാടനദിവസമാകുമ്പോൾ നാലഞ്ചു കിലോമീറ്റർ എങ്കിലും ബുദ്ധിമുട്ടില്ലാതെ നടക്കാൻ സാധിക്കുംവിധം ദിവസേന കുറേസമയമെങ്കിലും നടന്ന് നടപ്പു പരിശീലനം നേടണം.
5. മാർച്ച് 3 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്കുള്ള പ്രാർഥനായോഗത്തിൽ നിർബന്ധമായും പങ്കെടുക്കണം.
6. ചിറ്റൂർ ധ്യാനകേന്ദ്രത്തിന്റെ സുവിശേഷവേലകളിൽ സജീവ ഭാഗിത്വം വഹിക്കാൻ മനസ്സു കാണിക്കണം.

N.B ആംബുലൻസ് ഈ തീർഥാടനയാത്രയ്ക്കൊപ്പം ഉണ്ടായിരിക്കുന്നതാണ്. മടക്കയാത്രയ്ക്കു ബസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.






# NEWS

## ബിഷപ്പ് ഏലിയാസ് ഗോൺസാൽവസ് നാഗ്പൂർ ആർച്ചുബിഷപ്പ്

**നാ**ഗ്പൂർ ആർച്ചുബിഷപ്പായി അമരാവതി മെത്രാൻ ഡോ. ഏലിയാസ് ഗോൺസാൽവസിനെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. നാഗ്പൂർ ആർച്ചുബിഷപ്പായിരുന്ന ഡോ. എബ്രഹാം വിരുത്തകുളങ്ങരയുടെ നിര്യാണത്തെ തുടർന്നുണ്ടായ ഒഴിവിലാണ് പുതിയ നിയമനം. മഹാരാഷ്ട്രയിലെ ചുൽന ഗ്രാമത്തിൽ 1961 ജൂലൈ 4നു ജനിച്ച ബിഷപ്പ് ഗോൺസാൽവസ് മുംബൈ അതിരൂപതയ്ക്കുവേണ്ടി 1990 ൽ വൈദിക പട്ടമേറ്റു. വിവിധ ഇടവകകളിൽ സേവനം ചെയ്ത അദ്ദേഹം ദക്ഷിണ വാസായിൽ യൂത്ത് കോർഡിനേറ്ററായും മുംബൈ അതിരൂപതയുടെ സാമൂഹ്യസേവനവിഭാഗം ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. 2002 ജൂലൈയിൽ അമരാവതി മെത്രാനായി നിയമിതനായി.

## അൾജീരിയൻ രക്തസാക്ഷികളെ വാഴ്ത്തപ്പെട്ടവരാക്കി

**1994**-നും 96-നും ഇടയിൽ അൾജീരിയയിൽ രക്തസാക്ഷിത്വം വരിച്ച ബിഷപ്പ് പിയറി ക്ലാവേരീയേയും അദ്ദേഹത്തിന്റെ 18 സഹപ്രവർത്തകരെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപച്ചു. ഫ്രാൻസിൽ ജനിച്ച അൾജീരിയൻ വംശജനായ ബിഷപ്പ് ക്ലാവെരീ 1981 മുതൽ അൾജീരിയായിലെ ഒറാനിൽ മെത്രാനായി സേവനം ചെയ്തു വരികയായിരുന്നു. ഇസ്ലാമിക തീവ്രവാദികൾ നടത്തിയ ആഭ്യന്തരയുദ്ധത്തിലാണ് ബിഷപ്പിനും സഹപ്രവർത്തകർക്കും ജീവൻ നഷ്ടമായത്.

ബിഷപ്പ് ക്ലാവെരീയുടെ സഹപ്രവർത്തകരിൽ ഏറ്റവും പ്രസിദ്ധരായത് 7 ട്രാപിസ്റ്റ് സന്യാസികളാണ്. ഇവരെ 1996 മാർച്ചിൽ ഇസ്ലാമിക തീവ്രവാദികൾ തട്ടികൊണ്ടുപോകുകയും ബന്ദികളാക്കിവച്ചു വിലപേശി തങ്ങളുടെ ആളുകളെ മോചിപ്പിക്കുകയും ചെയ്തു. അതിനുശേഷം സന്യാസികളെയും അവർ കൊല്ലുകയായിരുന്നു. ഇവരുടെ കഥ 'ഓഫ് ഗോഡ്സ് ആൻഡ് മെൻ' എന്ന പേരിൽ സിനിമയാകുകയും നിരവധി അംഗീകാരങ്ങൾ നേടുകയും ചെയ്തിരുന്നു.

## മനുഷ്യാവകാശസംരക്ഷണത്തിന് എല്ലാ വ്യക്തികളും പോരാടണം-ഫ്രാൻസിസ് മാർപാപ്പ

**മ**നുഷ്യവ്യക്തികളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഓരോ വ്യക്തിയും തനിക്കു ലഭിച്ചിരിക്കുന്ന സവിശേഷ ദാനങ്ങൾക്കനുസരിച്ച് പോരാടണമെന്ന് ഫ്രാൻസിസ് മാർപാപ്പ ആവശ്യപ്പെട്ടു. വിശേഷിച്ചും, കാണപ്പെടാത്തവരുടെയും വിശക്കുന്നവരുടെയും രോഗികളുടെയും തടവുകാരുടെയും സമൂഹത്തിന്റെ പാർശ്വങ്ങളിൽ കഴിയുന്നവരുടെയും അവകാശങ്ങൾ സംരക്ഷിക്കാൻ എല്ലാവരും പരിശ്രമിക്കണമെന്നു മാർപാപ്പ ആഹ്വാനം ചെയ്തു.